GENERAL DISCUSSION ON THE BUDGET—(*contd.*)

PRESIDENT: Mr. G. Velu Pillai was on his legs when the House adjourned yesterday.

MR. G. VELU PILLAI: Sir, Yesterday I was referring to the exaggerated estimates in the case of the Excise revenue which is about Rs. one and a half lakhs more than the revised estimates for the current year. I do not think that the Financial Secretary will say that our economic condition is going to improve all of a sudden next year, so as to lead to an increased consumption of intoxicants. At any rate it is bad finance to hope to get a large revenue from the increased drunkeness of the people or by the increased use of intoxicants. Similarly in Land Revenue and Forests, the increased estimates are not, in my opinion, justified.

PRESIDENT: It is more than justified. The Government of India has given us certain contracts.

MR. G. VELU PILLAI: Sir, even in the case of the revenue from the sale of elephants, for example, the estimate of the Financial Secretary is exaggerated. In these hard times when even the rich man thinks twice before buying even a cow, I don't think it is reasonable for the Financial Secretary to estimate a very large income from the sale of elephants.

RAJYASEVAPRAVINA M. K. NILAKANTA AIYAR: Sir, all the elephants which were auctioned recently fetched decent prices.

PRESIDENT: As a matter of fact I think there is some mysterious reason for people to buy elephants giving large sums. This has been the case in recent times.

MR. G. VELU PILLAI: Sir, In every department he is very optimistic in the matter of revenue. He is so to say hoping for better bread than could be made of wheat. We budgeted for a revenue of more than 285 lakhs for this year but the revised estimates show a fall of more than 12 lakhs. So we need not be too optimistic about the surplus budget now before us because conditions have not improved. Then coming on to the expenditure side, the Financial Secretary says that he has effected very severe cuts in as many items as possible. Sir, one standing cry on the floor of this House has been that the salaries of officers are going rapidly high. That has not as usual been heeded to at all in the budget of this year. I remember to have read in an essay by Emerson that there are three wants that cannot at all be satisfied that of the rich who always want more, that of the sick who always want something different and that of the traveller who says 'anywhere' but here. But I fear that if Emerson was living at this time he would have added a fourth, that of a Government servant who is always dissatisfied with the pay he gets.

Sir, the Financial Secretary should be congratulated for not imposing additional taxation on the ryots. He has also to be congratulated on the frankness with which he has presented the budget. In certain items his estimates are rather high but his forecasts of the

LIBRARY ARCHIVES Kerala Legislative Assembly

estimates have not been like the weather forecasts of our Government astronomer who predicts heavy rain when we get the best weather and vice versa. I am fully aware of the fact that the Financial Secretary's place is a very onerous one. Mr. Gladstone says that "The Financial minister can be compared to a man who is obliged to travel over a road leading through a thicket full of ambushes, holding a balancing rod in his hands.

It is gratifying to note that the Financial Secretary has not played much juggleries and gymnastics with the figures and statements as some of his predecessors had done.

PRESIDENT: I think in justice to his predecessor, it must be said that the whole of this budget is the production of his predecessor.

MR. G. VELU PILLAI: Sir, I was only saying that this year's budget is an improvement on last year's I congratulate the Financial Secretary once again on the success of his maiden attempt.

PRESIDENT: Order, order. I called upon Mr. Jebamony Nadar more than once and I found him absent in his seat. Because he has given notice of an adjournment motion, I thought he would like to take the opportunity to speak. Do you want to speak Mr. Jebamony Nadar?

MR. C. JEBAMONY NADAR: Yes, sir.

Sir, we are now in a critical time in the history of Travancore because of the war that is now raging. It is affecting us in various ways as was stated by the honourable members who preceded me. Our trade is at a stand still, especially the export trade. Our markets are the centres of war and are therefore partially closed. Even under these circumstances, the Financial Secretary is able to present a surplus budget and hence he richly deserves our congratulations. I would therefore offer my felicitations not only to the Financial Secretary; but also to all those who are responsible for framing this budget. It is a matter of pride to know that His Highness the Maharaja has contributed for a trawler as well as a mine sweeper for defence purposes. That shows the far sighted policy of our gracious Ruler. Other contributions made by His Highness prove that traditional loyalty of the Royal House to his Imperial Majesty.

Sir, I do not mean to praise every aspect of the budget. Under customs duty, I have to bring to the notice of this House the imposition of export duty on palmyra jaggery. Sir, the palmyra tree is assessed to the land tax in certain taluks of South Travancore. It is a fact that the owner cannot himself do all the works in connection with the manufacture of jaggery. He will have to engage labourers and to pay them. So the owner has to pay tax for the trees and pay the labourers. When export duty is also imposed, it adds to his burden. The palmyra industry is a declining one. It cannot be allowed to decline further. To encourage the owners to pursue the industry, this export duty on palmyra jaggery should be abolished. In this connection, Sir, I would also urge the abolition of export duty on prepared palmyra fibre. As a matter of fact a large quantity of raw fibre comes to Travancore from outside and here it is only prepared to make it fit for export. From

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. Jabamony Nadar.]

the reports available to me I understand that labourers in some of the fibre factories are now paid less than what they were getting before. The factory owners say that they would be unable to continue the business if this state of affairs continue. I am told that petitions have been submitted to Government and I hope that Government would view the matter sympathetically.

Another matter which I want to place before this House is the question of supply of drinking water to South Travancore. Sufficient provision has not been made in the budget for Vilavankod and Kalkulam taluks. It is well known that these two taluks are among the driest areas in the State. The cry for drinking water to South Travancore has been raised more than once in this House. The taluk water supply committees have been forwarding resolutions to sink wells to meet pressing and urgent needs. These recommendations must have reached the authorities but nothing has come out of it yet. It is for the authorties to see that such recommendations are given effect to as early as possible. In Midalam, Killiyur, Nattalam and other places people have sometimes to go to a distance of two or three miles to get drinking water. In these localities there are no public wells, but small insanitary springs which dry soon are the only sources of water supply. They also are insufficient to meet the local demands. To get a pot of good water a person will have to wait one hour and more because the crowd is so great at the spring. So I humbly request the Government to attend to this need with all sympathy and also to expedite the carrying out of the recommendations of the Taluk Committees. Whatever be the financial position of Government, whatever be the other difficulties that stand in their way, I hope and pray that Government should try to meet this legitimate demand of the people. I would also desire the P. W. D. authorities to show more earnestness in the matter. As a matter of fact delays caused by them in the preparation of the estimates deserve condemnation.

I want also to place before Government the expediency of supplying sufficient water for irrigation purposes in South Travancore. Here again Government are anxious to do all that is necessary. What I would therefore suggest is that Government should expedite the execution of the necessary works. The present system of improving tanks appear to be highly defective. The department seems to show no sense of responsibility with regard to this. They seldom finish the work within the year. So much so it has become necessary to budget consecutively for two or three years for the improvement of even a petty tank.

Regarding the question of a supplementary reservoir there was some investigation in Perunchani. We do not know what has become of that investigation.

There is also another suggestion which I release for the P. W. D. authorities to consider carefully. There are a number of islands within the Pechipara lake If these islands are removed, we can I think, increase the storage capacity twice or thrice. If so, that would be sufficient for

LIBRARY ARCHIVES Kerala Legislative Assembly

the purpose of supplying the necessary water for all irrigation purposes in South Travancore. Here I desire to make one observation. Whenever investigations are made it is found that though large amounts are spent by Government very often nothing comes out of them. So we want some earnest work to be done so that the real hardship of the poor people may be removed. I belive that South Travancore can produce the best kind of paddy in sufficient quantities and that thereby the present perplexing question could be easily solved. But the difficulty is that there is not sufficient water. If somehow or other the necessary water could be supplied that part of the country could become self sufficient in the matter of the staple food. That would be a relief to Government. I am also inclined to think that the reorientation of the Agricultural Department is necessary to improve the lot of the agriculturists in Travancore. The Public Works Department at best gives only a stepmotherly treatment to agriculture, while preparing budgets urgent and important items are cut down and thereby agriculture suffers. Ofcourse P. W. D. budget must cover different departments and agriculture is only one of the many. As in the case of the university why not allow the Agricultural Department to prepare and present separate budget? If that be so, the needs of the ryots could be attended to more effectively and that would advance the cause of Agriculturists and thereby bring prosperity to the country. With these words I resume my seat.

MR. T. T. KESAVAN SASTRI : സർ, ഫിനാൻഷ്യൽ സിക്രട്ടറി അവതരിപ്പിച്ചിട്ടുള്ള പുതിയ ബഡ്ജറു് ഏറെറവും അഭിനന്ദനാർഹമായിരിക്കുന്നു. കാലാനുക്രമവും ആവശ്യങ്ങൾക്കനുയോജ്യവുമായ ഒരു ബഡ്ജറു് രൂപീകരണത്തിൽ ഗവണ്മെൻറും ഫിനാൻഷ്യൽ സിക്രട്ടറി അവർകളും പൊതുജനങ്ങളുടെ അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ടു്. പൊതുആവശ്യങ്ങൾക്കു പുറമെ അടിയന്തിരാവശ്യങ്ങൾ നേരിട്ടാൽ യഥാസമയം ഉപയോഗപ്പെടുത്തുന്നതിനു് ഗണ്യമായ ഒരു സംഖ്യയും യുദ്ധച്ചിലവിലേക്കു ഗണ്യമായ ഒരു തുകയും നീക്കിവച്ചിട്ടുള്ളതു് സമുചിതമാണെന്നാണു് എന്റെ അഭിപ്രായം.

ഈ അവസരത്തിൽ തിരുവിതാംകൂറിലെ ഗ്രാമീണജനങ്ങളുടേയും സാമാന്യജനങ്ങളുടേയും അവസ്ഥ അനുസ്മരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. യുദ്ധകാലപരിതസ്ഥിതികൾ നിമിത്തം സാമാനങ്ങൾക്കു വില ക്രമേണ ഉൽപ്പന്നങ്ങൾ തന്നെ ആവശ്യത്തിനു മതിയാകാതെയും ആയി, ജനസംഖ്യയും വളരെ വളരെ പരുങ്ങുന്നുണ്ടെന്നുള്ള വസ്തുത പലരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുള്ളതാകുന്നു. നെല്ലിനും, അരിക്കും, വസ്ത്രങ്ങൾക്കും വില വളരെ അധികമായിരിക്കുന്നു. മറ്റു ആഹാരസാധനങ്ങളുടെ വിലയും സാമാന്യജനങ്ങൾക്കു ദുർവ്വഹമായിത്തീർന്നിരിക്കുന്നു. കൂലിവേല കൊണ്ടു് കാലയാപനം കഴിച്ചിരുന്ന പാവങ്ങൾക്കു വേലകിട്ടാൻ മാർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

മില്ലാതെ പലവഴി സങ്കടങ്ങളനുഭവിക്കുന്നു. ഏതു ഗ്രാമത്തിലും ഗ്രാമപ്രാന്തപ്രദേശങ്ങളിലും, പട്ടണങ്ങളിലും, പട്ടണപരിസരങ്ങളിലും എല്ലാം ദാരിദ്ര്യദേവതയുടെ പ്രചണ്ഡമായ പ്രപുരാട്ടഹാസമാണിന്നധികവും കേൾക്കാനുള്ളത്. ഈ നില മൻപോട്ട മൻപോട്ടെങ്കിൽ ജനങ്ങൾ ഇതിലു മധികം കുഴങ്ങിപ്പോകാതിരിക്കാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. സാധാരണക്കാരായ പൊതുജനങ്ങൾക്കു വേലചെയ്യാൻ ഭൂമിയില്ലാതെയും തദ്വാരാ ജീവിതം ചെയ്യുവാൻ കഴിവില്ലാതെയും നരകദുരിതമനുഭവിക്കുന്നു എന്നു പറഞ്ഞാൽ പദംപ്രതി, അക്ഷരംപ്രതി, അതു യഥാർത്ഥമാണ്. സാധാരണ ഗവണ്മെൻറു ജനങ്ങളുടെ ദയനീയസ്ഥിതിയിൽ മനസ്സലിഞ്ഞു് സഹായിക്കുന്നുണ്ടെങ്കിലും, ഇങ്ങനെ എത്രനാൾ, എത്രനാളകം ചെയ്യാൻ സാധിക്കുമെന്നുള്ളതാണു ഓർക്കേണ്ടതു. കൊടുങ്കാറുണ്ടായി നാശം സംഭവിച്ചതിനും, വെള്ളപ്പൊക്കം നിമിത്തം കഷ്ടംനേരിട്ടതിനും, കരിവുനിമിത്തം കൃഷിനാശം ഉണ്ടായതിനുമെല്ലാം ഗവണ്മെൻറു ദയാപൂർവ്വം വേണ്ട സഹായങ്ങൾ ചെയ്തു.

എന്നാൽ രാജ്യത്തിൻെറ വർത്തമാനഭാവി കാലത്തിനു ഏറ്റവും പറ്റിയ സഹായങ്ങൾ ഗവണ്മെൻറു സൂക്ഷിച്ചു് സ്വയം ചെയ്യണമെന്നാണു ഞാൻ സാദരം അഭിപ്രായപ്പെട്ടുന്നതു്. അതിലേക്കു ഇവിടത്തെ കൃഷി ഡിപ്പാർട്ടുമെൻറും വ്യവസായ ഡിപ്പാർട്ടുമെൻറും സാരമായി പരിപോഷിപ്പിച്ചാൽ മതി. കൃഷി ഡിപ്പാർട്ടുമെൻറു മുഖേന നെൽകൃഷിയും മരിച്ചീനികൃഷിയും മറു സാമാന്യകൃഷികളും ധാരാളമായി നടത്തുന്നതിലേക്കു വേണ്ട ധനം ഉപയോഗപ്പെടുത്തണം. തിരുവിതാംകൂറിൽ ഉള്ള സ്ഥലങ്ങൾ എല്ലാം കൃഷി ചെയ്യിക്കണം. ഒരു സെൻറു ഭൂമിപോലും കൃഷിചെയ്യാതെ ഇടാൻ പാടില്ലെന്നു ഗവണ്മെൻറു നിഷ്കർഷിക്കുകതന്നെ വേണം. കൃഷിക്കു ഉപയോഗയോഗ്യങ്ങളായ സകല ചതുപ്പു സ്ഥലങ്ങളും റിസർവ്വുകളിൽനിന്നും ഒഴിവാക്കണം. മരിച്ചീനി കൃഷിക്കു് ഉപയോഗപ്പെടുന്ന എല്ലാ താലൂക്കുകളിലും ഗവണ്മെൻറു നേരിട്ടോ കൃഷിക്കാരെ പ്രോൽസാഹിപ്പിച്ചിട്ടോ മരിച്ചീനി കൃഷി നടത്തണമെന്നു ഞാൻ ഒന്നുകൂടി അഭിപ്രായപ്പെടുകയാണ്. നിത്യാഹാരത്തിനു സാമാന്യജനസമുദായം ഉപയോഗിച്ചു വരുന്ന മരിച്ചീനികൃഷി ഇവിടെ നടപ്പാക്കിയ പുണ്യശ്ലോകനായ മഹാരാജാവു തിരുമേനിയെ കീർത്തിക്കാത്തവർ ഇവിടെ ആരും ഉണ്ടാകാൻ ഇടയില്ലെന്നാണു എനിക്കു തോന്നുന്നതു്.

അതുപോലെതന്നെ വ്യവസായ ഡിപ്പാർട്ടുമെൻറു മുഖേന രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും കുടിൽ വ്യവസായങ്ങളും ആദായകരങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളായ ഫാക്ടറി വ്യവസായങ്ങളും നടപ്പാക്കണം. നെയ്ത്തു കൂടുതൽ അഭിവൃദ്ധിപ്പെടുത്തണം. വീവിംഗ് സ്കൂളുകളും എല്ലാ പ്രധാന സ്ഥലങ്ങളിലും ഏർപ്പെടുത്തണം. സർ, തിരുവിതാംകൂറിലെ കുടുവണ്ടി ഫാക്ടറികൾക്ക് ആശാവഹമായ അഭിവൃദ്ധി മാത്രം ഉണ്ടാക്കാൻ സാധിച്ചതിൽ ഗവണ്മെന്റു സ്പെഷ്യൽ ആഫീസർ രാജ്യ സേവാപ്രവീണ ജി. പരമേശ്വരൻപിള്ള അവർകളും ബഹുജനങ്ങളുടെ അഭിനന്ദനം അർജിച്ചുകഴിഞ്ഞു. സാധുജനങ്ങളുടെ ഇടയിൽക്കൂടി തൊഴിലും സൌകര്യങ്ങളും ഉണ്ടാക്കാൻ വ്യവസായ ഡിപ്പാർട്ടുമെൻറിന്റെ പരിപോഷണം കൊണ്ട് സാധിക്കാൻ കഴിയുന്നതാണ്.

ഇനിയും എനിക്ക് പറയുവാനുള്ളതു അവശസമുദായസംരക്ഷണത്തെകുറിച്ചാണ്. അവശസമുദായ സംരക്ഷണത്തിന് ഈ ബഡ്ജറിൽനീക്കിവച്ചിട്ടുള്ളതു ര് വ്വ ര് ം രൂപായാണ്. ഇതിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും ശ്രീചിത്രാഹരിജൻ ഹോസ്റ്റലിനും ഉള്ള ചിലവു കഴിച്ചാൽ ന്ന ഭ, ം ം ം രൂപാമാണ് സംരക്ഷണകൃത്യത്തിന് അവശേഷിക്കുന്നതു്. ഇതു ഘട്ടത്തിൽപോലും അവശജനങ്ങളുടെമേൽ കാരുണ്യമുണ്ടായി ഇതുയും ഒരു സംഖ്യ നീക്കിവച്ചിട്ടുള്ളതിൽ പ്രത്യേകം ഞാൻ കൃതജ്ഞനാണ്. പല ഇനങ്ങളിലായി അവശവർഗ്ഗസമുന്നമനത്തിനായി രണ്ടു ലക്ഷംരൂപാ പ്രതിവർഷം ചിലവാക്കുന്നുണ്ടെന്നുള്ള വസ്തുത ഞാൻ ഓർക്കാതിരിക്കുന്നില്ല. ഈ ഭീമമായ സംഖ്യ പ്രതിവർഷം ചിലവാക്കുന്നതുകൊണ്ട് അവശസമുദായക്കാർക്ക് ഉന്നമനം ഉണ്ടാകാതിരിക്കുന്നില്ല. എങ്കിലും സ്ഥിരമായ ഒരു അഭിവൃദ്ധി സംസിദ്ധമാണോ എന്നു നോക്കേണ്ടതാണ്. പ്രതിവർഷം രൂപാ മുറയ്ക്കു ചിലവാക്കുന്നു. എങ്കിലും പ്രത്യക്ഷത്തിൽ സുസ്ഥിരമായ ഒരു മാറ്റവും ഉണ്ടാകുന്നില്ലെന്നുതന്നെ തോന്നിപ്പോകുന്നു. അവശവർഗ്ഗക്കാർക്ക് നേരിടുന്ന ഏറ്റവും വലിയ വിഷമം കിടക്കാൻ സ്വന്തം സ്ഥലമില്ലായ്മയും വേലചെയ്തു ഉപജീവനം കഴിക്കാൻ സ്ഥലമില്ലായ്മയുമാണ്. ഇതിന് ഒരു മാറ്റം വരുത്താതെ തരമില്ല. അന്യരുടെ സ്ഥലങ്ങളിൽനിന്നും ഇപ്പോൾ അനവധി കുടുംബം ബഹിഷ്കൃതരാകുന്നു. ഗവണ്മെന്റു സഹായമുണ്ടെന്നു പറഞ്ഞു പലരും ഇവർക്കു പാർക്കാൻ പോലും സ്ഥലം നൽകുന്നില്ല. ഗവണ്മെൻറിന്റെ സത്വരശ്രദ്ധ പതിയേണ്ടതു ഈ വിഷമാവസ്ഥയിലാണ്. പുറമ്പോക്കു സ്ഥലങ്ങളും പലയിടങ്ങളിലും പുലക്കും കുറേശ ലഭിക്കാതിരിക്കുന്നുമില്ല. എന്നാലും നൂറിൽ തൊണ്ണൂറിയൊമ്പതും ഭൂമിയില്ലാതെ സങ്കടപ്പെടുന്നവരാണ്. അതിനാൽ പ്രതിവർഷം അൻപതിനായിരം സംഖ്യയുടെ നേർപകുതിയോ, പകുതിയുടെ പകുതി

LIBRARY ARCHIVES Kerala Legislative Assembly

[T. T. Kesavan Sastri]

യോ, എങ്കിലും സംഖ്യ ഭ്രമിവാങ്ങി അവശസമുദായക്കാക്ക നഠംകി അവരുടെ അടകടി വൈഷമ്യങ്ങഠംക്ക ശാന്തി നഠംകുകയാണ് വേണ്ടത്. കഴിഞ്ഞ വർഷങ്ങളിൽ ഓരോ സംഖ്യ ചെലവുചെയ്ത ഭ്രമിവാങ്ങി കിടപ്പാടത്തിനെങ്കിലും നഠംകി സഹായിച്ചിരുന്ന എങ്കിൽ അത് ഗണ്യമായ ഒരു അനുഗ്രഹമാകുമായിരുന്ന. ഈ സംഗതി പലതവണയും ഞാൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണ്. ഇനിയുമെങ്കിലും ഈ അവശ്യാവശ്യമായ ഈ അഭ്യർത്ഥനയിൽ ഗവണ്മെൻറൻമതിയും അവശസമുദായ സംരക്ഷകന്റെ സവിശേഷശ്രദ്ധയും ഉണ്ടായിക്കാണ്മാൻ ഞാൻ ആഗ്രഹിക്കുന്ന.

അവശസമുദായ സംരക്ഷണജോലികൊണ്ട് കഴിഞ്ഞ പത്തു സംവത്സരക്കാലം തിരുവിതാംകൂറിലെ അവശസമുദായാംഗങ്ങളെ ദയാപൂർവ്വം സഹായിച്ച ഗവണ്മെൻറിന്റെ നേരെ അവശസമുദായക്കാർ തികച്ചും കൃതജ്ഞരാണ്. കഴിഞ്ഞ പത്തു സംവത്സരം പ്രൊട്ടക്ടറായിരുന്ന മി. സി. ഓ. ദാമോദരന്റെ സേവനങ്ങളെ അഭിനന്ദിക്കുകയും അനുസ്മരിക്കുകയും പുതിയ പ്രൊട്ടക്ടർ മി. ആർ. വാസുദേവപ്പുതുവാളിനെ പ്രത്യേകിച്ച് സ്വാഗതം ചെയ്യുകയും ചെയ്യുവൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളുന്ന. അവശസമുദായ സംരക്ഷകൻ കുറെ വർഷങ്ങഠംക്കെങ്കിലും, മേലും പഴയപടി ഒരു പുഠംതൊടം പ്രൊട്ടക്ടർ തന്നെ ആയിരിക്കേണ്ടതാണ്. ഗവണ്മെൻറു നേരിട്ടു നടത്തുന്ന സംരക്ഷണകൃത്യത്തിന പ്രയോജനവും പ്രസക്തിയുമുള്ളതിനാൽ സംരക്ഷണവകുപ്പും സംരക്ഷകനും ഇനിയും തുടർന്നുകൊണ്ടിരിക്കേണ്ടതത്യന്താപേക്ഷിതമാകുന്ന. പൊന്നുതമ്പുരാൻ തിരുമേനിയും ഗവണ്മെൻറും അവശസുരക്ഷണത്തിൽ കൈക്കൊള്ളുന്ന കാരുണ്യവും സഹായവും അനേകായിരജനങ്ങടെ കൃതജ്ഞതക്കും ഉന്നമനത്തിനും പര്യാപ്തമാണ്.

പബ്ലിക്ക് സർവ്വീസു കമ്മീഷണരും അഡൈവസറി ബോർഡും ഇവിടെ ആവശ്യമില്ലെന്ന മി. കുമാരൻ വൈദ്യൻ പറഞ്ഞ അഭിപ്രായത്തെകുറിച്ച് ഒരു വാക്കുകൂടി പറയേണ്ടതായിട്ടുണ്ട്. സർ, അനേക നാളത്തെ പൊതുജനാഭിപ്രായവും പരിതസ്ഥിതികളും സമുദായപ്രാതിനിധ്യവും അംഗീകരിച്ച ഗവണ്മെൻറു നിയമിച്ച് മാന്യമായി നടത്തുന്ന ഈ വകുപ്പ് ആവശ്യമില്ലെന്ന പറയുന്നത് ശരിയല്ല. പബ്ലിക്ക സർവ്വീസു കമ്മീഷണരും സെക്രട്ടറിയും പറഞ്ഞ ഉദ്യോഗസ്ഥന്മാരായിരുന്നാൽ മതി. ഇപ്പോഴത്തെ കമ്മീഷണരേയും സെക്രട്ടറിയേയും ഗവണ്മെൻറു സൂക്ഷിച്ചതന്നെ നിയമിച്ചിട്ടുള്ളതാണ്. ന്യായമായി കാര്യങ്ങഠം നടക്കുന്നുണ്ട്. സമുദായപ്രാതിനിധ്യം ഇനിയും അത്യാവശ്യമാണ്. അസമത്വസമുദാ

LIBRARY ARCHIVES Kerala Legislative Assembly

യങ്ങൾക്ക് പബ്ലിക്ക് സർവീസിൽ പ്രാതിനിധ്യം അവകാശക്രമത്തിനു നൽകുന്നുണ്ട്. സർ, പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാർക്ക് ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുന്നതുകൊണ്ടു തരക്കേടില്ല. ചീഫ് സെക്രട്ടറി, സർജൻ ജനറൽ, ഇൻസ്പെക്ടർ ജനറൽ എന്നിവർക്ക് ഉദ്യോഗകാലാവധി നീട്ടിയതു് ഉചിതമായി. സമർത്ഥനായ ഡാക്ടർ സി. ഒ. കരുണാകരനു ശമ്പളക്കൂട്ടുതൽ നൽകിയതും ഉചിതമായിട്ടുണ്ട്. ശേഷിയും ശേമുഷിയുമുള്ള ഉദ്യോഗസ്ഥന്മാരെയും അനുദ്യോഗസ്ഥന്മാരെയും അവർഹിക്കുന്നവിധം പ്രോത്സാഹിപ്പിക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയുമാണു. ഗവണ്മെൻറിനേയും ഫിനാൻഷ്യൽ സെക്രട്ടറിയേയും വീണ്ടും അഭിനന്ദിച്ചുകൊണ്ടു് വിരമിക്കുന്നു.

MR. T. C. KESAVA PILLAI : സർ, ഫിനാൻഷ്യൽ സെക്രട്ടറി അവർകൾ പ്രശംസമായ രീതിയിൽ എഴുതിയുണ്ടാക്കിയിട്ടുള്ള ഫ ഫ ഫ ഒ-ലെ ബഡ്ജറിനെപ്പറ്റി എനിക്ക് വളരെ ബഹുമാനമുണ്ട്. ഞാൻ അദ്ദേഹത്തെ ആത്മാർത്ഥമായി അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു. യഥാർത്ഥത്തിൽ ഗവണ്മെൻറും പൊതുജങ്ങളും—മഹാരാജാവും—പ്രജകളും-തമ്മിലുള്ള ആത്മാർത്ഥത ഒന്നാണു് ഈയാണ്ടത്തെ ബഡ്ജറിൽ പ്രധാനമായിട്ടുള്ള സംഗതി. ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ ഏഴാമതു് വശത്തു് "Government decided, rather than pinch the ryot with the burden of an additional tax, they would makse the ends meet by a severe cut." എന്നുപറഞ്ഞു കാണുന്നുണ്ടു. "പിഞ്ചു" എന്ന വാക്കു പരമാർത്ഥത്തിൽ ഏതുയോ അർത്ഥവത്തായ ഒന്നാണു്. "പിഞ്ചു" എന്നതിന്റെ അർത്ഥം നുള്ളുക എന്നാണല്ലോ. അതുമാതിരിയുള്ള വേദനപോലും തിരുമനസ്സിലെ പ്രജകൾക്കുണ്ടാകാൻ പാടില്ലാത്ത വിധത്തിൽ ഈ ബഡ്ജറു് രൂപീകരിച്ചതിനാലാണു് ആത്മാർത്ഥത എന്നു ഞാൻ പറഞ്ഞതു്. ഈ ബഡ്ജറു് പ്രസംഗത്തിന്റെ അവസാനം നോക്കിയാൽ ചെറിയ വാചകങ്ങളാണെന്നു വരുകിലും പരമാർത്ഥത്തിൽ അവ സ്തുത്യർഹമായിട്ടുള്ളതാണു്. അദ്ദേഹത്തെ ഞാൻ ഒന്നുകൂടി അനുമോദിച്ചുകൊള്ളുന്നു.

ബഡ്ജറിൽ പല ഭാഗങ്ങളിലും പ്രശംസിക്കത്തക്ക പല സംഗതികളും അടങ്ങിയിട്ടുണ്ടു്. ഓരോന്നിനേയും പറ്റി വിമർശിക്കുന്നതു സമയപരിമിതിക്കൊണ്ടു് അസ്ഥാനത്തിലാകയാൽ ഞാൻ അതിനു് തയാറാകുന്നില്ല. സർക്കാർ ഭൂമി വിൽപ്പനയിനത്തിൽ വരുന്ന ആദായം, കാപ്പിറൽ റസീറ്റിൽനിന്നും എടുത്തു പുത്തനായി റവന്യൂ വകുപ്പിൽ എക്സ്ട്രാഡിനറി അയിറ്റമായി ചേർത്തു കാണുന്നുണ്ടു്. അതു് അഭിനന്ദനീയം

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

തന്നെ. ഇനി പറയുവാനുള്ളത് സങ്കേതവകുപ്പും സാധാരണ റവന്യൂ വകുപ്പിൽക്കൂടി ചേർത്താൽ ഗവണ്മെൻറിന് വലിയ ആദായം ഉണ്ടാകുമെന്നാണ്. സങ്കേതം തഹശീൽദാർ ഉള്ള സ്ഥലത്തു് വേറെ തഹശീൽദാരുമുണ്ടു്. സങ്കേതത്തിൽനിന്നും കരകുടിശികക്കു വിൽക്കുന്ന വസ്തുക്കൾ മറ്റു കരക്കുടിശികകൾക്കും ലേലത്തിൽ വിൽക്കുന്നുണ്ടു്. ഇപ്രകാരം പല വൈഷമ്യങ്ങളും ഉണ്ടാകുന്നുണ്ടു്. നെൽകരമായിരിക്കുന്നിടത്തോളം കാലം പല അസൌകര്യങ്ങളും ഉണ്ടാകാവുന്നതാണ്. ഇതെല്ലാം ഓർത്തു രണ്ടും നോക്കുന്നപക്ഷം ഗവണ്മെൻറിന് വലുതായ, കായ്മായുള്ള ചില വകുപ്പു കുറയുമെന്നാണ് എൻറെ അഭിപ്രായം. തെക്കൻ തിരുവിതാംകൂറിലെ ഉൗട്ടുകാർ അവകാശത്തിലുള്ള വിഷമങ്ങളെ ഞാൻ മുമ്പു് പല പ്രാവശ്യവും ഗവണ്മെൻറിൻറെ മുൻപാകെ അവതരിപ്പിച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു ഒരു റിപ്പോർട്ടും ഉണ്ടായിട്ടുണ്ടു്. അതിന്ന് ഇതേവരെ യാതൊരു തീരുമാനവുമുണ്ടാകാത്തതിൽപൊതുജനങ്ങൾക്കുവലുതായ സങ്കടമുണ്ടു്. കഴിയുന്നതും വേഗത്തിൽ ആ റിപ്പോർട്ടിന്മേൽ തെക്കൻ തിരുവിതാംകൂറിലെ കർഷകരുടെ സങ്കടനിവാരണം വരുത്തണമെന്നു ഞാൻ പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

അടുത്തതായി ഗ്രാമീണപുനരുദ്ധാരണം എന്നൊരു പദ്ധതം പുതുമയായിട്ടു കാണുന്നുണ്ടു്. അതെന്താണെന്നു ആർക്കും അറിഞ്ഞുകൂടാ. തിരുവിതാംകൂറിൽ സാധാരണ പ്രാദേശികാർത്തികളും വില്ലേജുപഞ്ചായത്തു്, വില്ലേജു യൂണിയൻ, മുൻസിപ്പാലിറ്റി, പരസ്പരസഹായസംഘം മുതലായ സ്ഥാപനങ്ങളുടെ അർത്തികളും കാണുന്നുണ്ടു്. ഇതുപോലെ തന്നെ കേരള ഹിന്ദുമിഷൻ, പ്രൊട്ടസ്റ്റൻറ് കൂസ്ത്യൻമിഷൻ, കത്തോലിക്കു മിഷൻ ഇപ്രകാരമുള്ള സാമുദായികസംഘടന അർത്തികളും ഉണ്ടു്. ഇതിനും പുറമെ ആരാധന സ്ഥലങ്ങൾക്കും ചില അർത്തികളുണ്ടു്. ഇപ്രകാരം ജനങ്ങളെ പല പ്രദേശങ്ങളിലായിട്ടും പല ആദർശങ്ങൾ കേന്ദ്രീകരിച്ചു് വിഭജിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള ഒരു തിരുവിതാംകൂറിലാണ് ഗ്രാമീണപുനരുദ്ധാരണം എന്നുള്ള ഒരുപദ്ധതം ചേർത്തു കാണുന്നതു്. അതു് വൈ. എം. സി. എ. മുതലായ സ്ഥാപനങ്ങൾ അവരുടെ തോതനുസരിച്ചു് നടത്തി വരുന്നുണ്ടു്. ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും തിരുവിതാംകൂറിലെ ഭാവി സന്താനങ്ങളുടെ ഭാവിയെ നിയന്ത്രിക്കുന്നതായ കേന്ദ്രങ്ങളാണു ഇവകൾ. ഇപ്രകാരം നിയന്ത്രിക്കുന്ന ഭൂവിഭാഗങ്ങളേയും കേരളഹിന്ദുമിഷൻ തുടങ്ങിയുള്ള എല്ലാ സ്ഥാപനങ്ങളേയും എല്ലാം, എല്ലാ ആളുകളുടേയും പ്രാഥമിക വിദ്യാഭ്യാസം മുതലായ കാര്യങ്ങളിൽ ഉൾപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ടുത്തി സാമ്പത്തികമായും രാഷ്ട്രീയമായും എല്ലാവിധത്തിലും, ഓരോ കെട്ട്പാട്ട ഉണ്ടാക്കുന്നപക്ഷം ഇമ്മാതിരിയുള്ള വ്യക്തിവിദ്വേഷങ്ങൾക്കും സാമുദായികവിദ്വേഷങ്ങൾക്കും ഒന്നാം തന്നെ ഇടവരുന്നതല്ല. അതു പരിപാവനമായ രീതിയിലായിരിക്കും. തിരുവിതാംകൂറിലുള്ള ഗ്രാമങ്ങളും നാഞ്ചനാട്ടോ ബ്രിട്ടീഷിലോ ഉള്ള ഗ്രാമങ്ങളും തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. അവിടങ്ങളിൽ ദേവാലയങ്ങൾ, മാസ്കകം മുതലായ സകല സ്ഥാപനങ്ങളുമുണ്ട്. അവിടെ വ്യക്തിവിദ്വേഷം ഉണ്ടാകുവാൻ ഇടയില്ല, പ്രദേശങ്ങളിൽ ഓരോ വീടും ഓരോ പുരയിടത്തിലും ഇരിക്കുന്ന ഇപ്രകാരമുള്ള സങ്കേതങ്ങളിൽ ഇതേമാതിരിയുള്ള വില്ലേജ് റീകൺസ്ട്രക്ഷൻ ഒരു മാതൃകയായി എടുക്കാതിരുന്നാൽ പല വൈഷമ്യങ്ങളും വരുമെന്നുള്ള സംഗതി മാത്രം ഗവണ്മെൻറു മുൻപാകെ സമർപ്പിച്ചുകൊണ്ട് അതിന് വേണ്ട ഒരു തോതു ഉണ്ടാക്കണമെന്ന് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മൂന്നാമതായി എനിക്കു പറയുവാനുള്ളതു്, സാധാരണയായിട്ട അധഃകൃതരെന്നുള്ള അർത്ഥംവച്ച് ആരെങ്കിലും സാസാരിക്കുന്നു എന്നു വരുകിൽ അധഃകൃതർ എന്നു പറയുന്നതു് താഴ്ന്ന ജാതിക്കാർ എന്നല്ല, എന്നാൽ അധഃകൃതർ എല്ലാ ജാതിയിലുമുണ്ടെന്നാണ്. തിരുവിതാംകൂർ ഗവണ്മെൻറിൽ നിന്നും അധഃകൃതവർഗ്ഗത്തിൽ പള്ളർ, പറയർ എന്നു പറയുന്ന ക്രൂട്ടത്തിൽ നായന്മാർ, ഈഴവർ മുതലായവരിലും ഇതേമാതിരി ഭൂമിയില്ലാതെയും നിത്യവൃത്തിക്ക് യാതൊരു മാർഗ്ഗമില്ലാതെയും കഷ്ടപ്പെടുന്ന എല്ലാ ആളുകളേയും ക്രൂട്ടിച്ചേർക്കത്തക്ക രീതിയിൽ രൂപം ഭേദപ്പെടുത്തണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മീൻപിടിത്തത്തിലേക്കായി വേണ്ട ഏർപ്പാടുകൾ ചെയ്യുമെന്നുള്ളതായി ബഡ്ജറ്റിൽ കാണുന്നു.

MR. P. VIVEKANANDAM: May I know from the honourable member whether educated Brahmins can be classed as Backward Communities if they have not got land?

MR. T. C. KESAVA PILLAI: ഞാൻ പറയുന്നതു് മീൻപിടിത്തത്തിലേക്കു ഒരു ചെറിയ കപ്പൽമാതിരിയുള്ള ഏറ്റിനങ്ങൾ, യന്ത്രങ്ങൾ ഉണ്ടെങ്കിൽ ഏതു ജാതിക്കാർക്കും മീൻ പിടിക്കാം. അതിലേക്കു മീൻപിടിത്തവിദഗ്ധന്മാരെക്കൊണ്ടു വേണ്ടതു ചെയ്യിക്കണം. തെക്കൻതിരുവിതാംകൂറിൽ സാധാരണയായിട്ടു ഭൂമിഉടമസ്ഥന്മാർക്കു ഇപ്പോൾ വസ്തുക്കളും വകകളും ഇല്ലാ. എന്നാൽ ഇപ്പോൾ പട്ടാളത്തിൽ ചേരാനുള്ള സൌകര്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai]

മുണ്ട്. അതിലേക്ക് അവിടെ പ്രത്യേക ധൈര്യംകൊണ്ടോ, സാമ്പത്തികാധിപത്യംകൊണ്ടോ ധാരാളം ആളുകൾ തയ്യാറായിരിക്കുന്നു. പന മുതലായ വൃക്ഷങ്ങളിൽ കയറുന്നതിന് ആളുകൾ വളരെ വിഷമിക്കുന്നു. ഭൂമിയും അവർക്കില്ല വൃക്ഷങ്ങളുമില്ല. പന മുതലായ വൃക്ഷങ്ങളിൽ കയറുന്നതിനും അതേമാതിരി വേറെവിധത്തിലുള്ള തൊഴിലുകൾ ചെയ്യുന്നതിനും അവർ തയ്യാറാണ്. ഇതു് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയോ ആരേയും ആക്ഷേപിക്കുന്നതിനുവേണ്ടിയോ പറയുന്നതല്ല. അതിലേക്കും വിദഗ്ദ്ധന്മാർ ഓരോ വഴികൾ കണ്ടുപിടിച്ചു വേണ്ടതു ചെയ്യണമെന്നും ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ഇറിഗേഷൻ പദ്ധതി സംബന്ധിച്ചു് ശ്രീമാൻ ജപമണിനാടാർ പ്രസ്താവിച്ചതുപോലെ പേച്ചിപ്പാറ ജലാശയത്തിനകത്തു് പല ചെറിയ ചെറിയ ഉപനദികൾ വന്നുചേരുന്നുണ്ടു്. അവിടങ്ങളിൽ ഉയർന്ന സ്ഥലത്തു് ചെറിയ ചെറിയ അണകൾ കെട്ടി 'എസ്കേപ്പു്' വഴി ഒഴുകിപ്പോകുന്ന വെള്ളത്തെ കെട്ടിനിറുത്താൻ സാധിക്കും. ചിറ്റാർ നെയ്യാറിൻകര അരുവിക്കര എന്ന സ്ഥലങ്ങളിൽ ചെറിയ അണകൾ കെട്ടി വെള്ളത്തെ തിരിച്ചു് കുളങ്ങളിലേക്ക് വിടത്തക്ക രീതിയിൽ വേണ്ടതു ഉടനടി ചെയ്യുന്നമെന്നും ഗവണ്മെൻറിനോടഭ്യർത്ഥിച്ചുകൊള്ളുന്നു. ഇതുപോലെ ഉപ്പുറപ്പു് മുതലായ സ്ഥലങ്ങളിലും അണകൾ കെട്ടി ജലസൌകര്യം വർദ്ധിപ്പിക്കുന്നതിലേക്ക് വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു.

SAHIB BAHADUR P. S. MAHOMED : സർ, ഈ സഭമുമ്പാകെ അവതരിക്കപ്പെട്ടിട്ടുള്ള ബഡ്ജറിനേയും അതിനെ അവതരിപ്പിച്ചതായ ഫിനാൻഷ്യൽ സെക്രട്ടറിയേയും അഭിനന്ദിച്ചുകൊണ്ടു് പല പ്രസംഗങ്ങൾ ഇവിടെ നടന്നുകഴിഞ്ഞു. ഇന്നു് ലോകം വളരെ വിഷമമേറിയ ഒരു ഘട്ടത്തിൽക്കൂടി ഗമിക്കുകയാണെന്നുള്ള സംഗതി എല്ലാവർക്കും അറിയാവുന്ന പരമാർത്ഥമാണു്. മഹായുദ്ധത്തിന്റെ ആ ഭയങ്കര ദുരിതം തിരുവിതാംകൂറും അതർഹിക്കുന്നവിധത്തിൽ അനുഭവിച്ചുകഴിഞ്ഞിരിക്കുകയാണു്. ഈ സന്ദർഭത്തിൽ ഫ്രഞ്ചുകാർ തിരുവിതാംകൂറിലെ ഭരണചക്രം വേണ്ടവിധത്തിൽ തിരിച്ചു് വിജയകരമായ നിലയിൽ എത്തിച്ചു്, അഞ്ചു ലക്ഷം രൂപയെങ്കിലും മിച്ചം പ്രതീക്ഷിക്കത്തക്ക നിലയിൽ ഒരു ബഡ്ജറു് അവതരിപ്പിച്ചതിനു് ഫിനാൻഷ്യൽ സെക്രട്ടറിയെ മാത്രമല്ല അതിനു കാരണഭൂതമായിട്ടുള്ള ഗവണ്മെൻറിനെയും ഞാൻ യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദിച്ചുകൊള്ളുന്നു. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ സാമാജികന്മാർ നിർദ്ദേശിച്ചിരുന്നതായ സംഗതികൾ ചെയ്യുന്നതായാൽ, യഥാർത്ഥത്തിൽ മിച്ചം ഉണ്ടാകട്ടെ, ഇല്ലാതിരിക്കട്ടെ, ഇങ്ങനെ ഒന്നു പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ലായിരുന്നു എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. അന്ന് ആ സന്ദർഭത്തിൽ തൊഴിലില്ലായ്മയുടെ ഓരുണമായ കാഴ്ച കണ്ടു സാമാജികരുടെ ശ്രദ്ധ മുഴുവൻ അതിൽ പതിപ്പിക്കുകയും ഗവണ്മെൻറ് അരി വിതരണംചെയ്യുക, റിലീഫ് വർക്കു ചെയ്യുക എന്നീ സംഗതികളിൽ ശ്രദ്ധ പതിപ്പിക്കുന്നതിനു ഉൽസുകരായി തീരുകയുംചെയ്ത ആ സന്ദർഭത്തിൽ ആ ഫ്ലഡ്സ് അവസാനിക്കുമ്പോൾ ഏതെങ്കിലും വിധത്തിൽ മിച്ചമുണ്ടാകത്തക്ക ഒരു നില പ്രതീക്ഷിക്കാൻ സാധിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഈ അഞ്ചുലക്ഷം പ്രതീക്ഷിച്ചിട്ടുള്ളതു് വാസ്തവത്തിൽ ആ അഞ്ചുലക്ഷവും മിച്ചമായി വരുമെന്നു ഇന്ന് എനിക്കു് വിശ്വാസമില്ല. എങ്കിലും പ്രതീക്ഷിക്കുവാൻ കഴിഞ്ഞുല്ലോ എന്നുള്ളതാണു്. റിവൈസഡ് എസ്റ്റിമേറ്റിൽ അഞ്ചുലക്ഷം രൂപാ യെങ്കിലും മിച്ചം വരുമെന്നു് പ്രതീക്ഷിക്കുവാൻ കഴിഞ്ഞതിനാലാണു് എനിക്കു് സന്തോഷമുള്ളതു്. ബഡ്ജറ്റിൽ ഓരോ വശങ്ങളും നോക്കുന്നതായാൽ ഫ്ലഡ്സ്-ൽ ജനങ്ങളുടെ സുഖത്തിനുവേണ്ടി ഗവണ്മെൻറു വേണ്ടതു പ്രവർത്തിച്ചിട്ടുണ്ടെന്നു കാണാവുന്നതാണു്. അതിന്റെ അവസാനം വരെ ആ വർഷത്തിൽ നീക്കിവച്ചിട്ടുള്ള സംഖ്യ ഈ തുച്ഛമായ മിച്ചത്തിനുവേണ്ടി ലാഭിക്കരുതെന്നു് എനിക്കു് അപേക്ഷയുണ്ടു്. ഈ അഞ്ചുലക്ഷം നമുക്കു മിച്ചം കിട്ടിയിട്ടില്ലെന്നു വരികിലും ഈ അസംബ്ലിയിലുള്ള ഒരു കുഞ്ഞുപോലും അതിനു് വേണ്ടി ഗവണ്മെൻറിനോടു പരിഭവപ്പെടുമെന്നു എനിക്കു വിശ്വാസമില്ല. ഫ്ലഡ്സ്-ൽ ഒന്നരലക്ഷംരൂപാ മിച്ചം വരത്തക്ക നിലയിലാണു് ബഡ്ജറ്റു് രൂപീകരിച്ചിട്ടുള്ളതു്. ഈ സംഖ്യ കഴിഞ്ഞകൊല്ലത്തിൽ നിന്നും സാമ്പത്തികമായ നിലക്കു യാതൊരു വ്യത്യാസവും വരത്തക്ക സന്ദർഭങ്ങളില്ലെന്നു വരികിലും വന്നിട്ടുള്ള സംഗതി നമുക്കു് മറക്കുവാൻ നിവർത്തിയില്ല. കസ്റ്റംസു് ഇനത്തിലാണെങ്കിൽ വലിയ ഒരു സംഖ്യ കുറയുമെന്നുള്ള സംഗതി ഫിനാൻഷ്യൽ സെക്രട്ടറി സമ്മതിക്കുന്നുണ്ടു്. ആ നിലക്കു് ഒന്നര ലക്ഷം രൂപാ ഒരു സർപ്ലസു് ആണെന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ വളരെ ആക്ഷേപകരമായ ചില തൊഴിലുകൾക്കു ഗവണ്മെൻറു വളരെ തുച്ഛമായ കരം ചുമത്തിയിട്ടുള്ളതിൽ പരാതിപ്പെട്ടതായി കേട്ടു. എനിക്കു് അവരോടു പറയുവാനുള്ളതു് ഒന്നരലക്ഷം രൂപാ ഒരു മിച്ചമല്ലെന്നും ഈ ബഡ്ജറ്റിന്റെ ഓരോ ഐറ്റംസും നോക്കുന്നതാ

LIBRARY ARCHIVES Kerala Legislative Assembly

[Mr P. S. Mahomed.]

യാൽ ട്രാൻസ്പോർട്ടിൽ നിന്നും പ്രതീക്ഷിച്ചിട്ടുള്ളതു് കഴിഞ്ഞ കൊല്ലത്തെ അനുഭവംകൊണ്ടു നോക്കുന്നതായാൽ അതുപോലും തന്നെ കിട്ടുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. കളിമൺ ഫാക്ടറിയെ സംബന്ധിച്ചാണെങ്കിലും പ്രതീക്ഷിച്ചിട്ടുള്ള സംഖ്യ മുഴുവൻ കിട്ടുമോ എന്നുള്ള സംഗതി അവസാനത്തിലെ തീർച്ചപ്പെടുത്തുവാൻ കഴികയുള്ളൂ. അഡ്മിനിസ്ട്രേഷൻ ആഫ് ജസ്റ്റീസു് ഇനത്തിലും മുൻപു കിട്ടിയിട്ടുള്ള സംഖ്യ കിട്ടുമോ എന്നുള്ളതു് സംശയമാണു്. രജിസ്ട്രേഷൻ, സ്റ്റാമ്പു് എന്നീ ഇനങ്ങളിലും അപ്രകാരം തന്നെ. ഫ ഫ ഫ ഫലെ ബഡ്ജറ്റു് ഒരു സർപ്ലസ് ബഡ്ജറായി തീരുമെന്നു വിചാരിക്കാൻപാടില്ല. ഈ സന്ദർഭത്തിൽ ഗവണ്മെൻറു തുച്ഛമായ ഒരു കരം മാത്രമല്ലേ ചുമത്തിയിട്ടുള്ളൂ എന്നുള്ളതിലാണു് ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നതു്. അടുത്ത കൊല്ലവും ഈ കൊല്ലത്തിൽ ചെയ്തതെല്ലാം അല്പാല്പമായിട്ടെങ്കിലും ഗവണ്മെൻറിനു ചെയ്യേണ്ടതായിട്ടുതന്നെ വരും. ദുരിതനിവാരണം ഏതാണ്ടു സമാപിക്കത്തക്ക നിലയിൽ വന്നിട്ടുണ്ടെങ്കിലും മുഴുവൻ ആ വിഷയത്തിൽ ശ്രദ്ധിക്കാതിരിക്കാൻ സാദ്ധ്യമല്ല. ആലപ്പുഴയിലും, ചേർത്തലയിലുമുള്ള ഫാക്ടറികൾ അടച്ചിരുന്നതായ ഒരു സന്ദർഭത്തിൽ തൊഴിലാളികൾ അനുഭവിച്ചിട്ടുള്ളതായ കഷ്ടപ്പാടുകൾ എത്രമാത്രമാണെന്നു ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അങ്ങയുടെ ശ്രമഫലമായി അങ്ങക്കുള്ള സ്വാധീനശക്തിയുടെ ഫലമായി ആലപ്പുഴക്കാരെങ്കിലും ഒരു വിധത്തിൽ രക്ഷപ്പെട്ടു. അങ്ങയുടെ ശ്രമംകൊണ്ടു് ഐ. എസ്സ്. ഡി. ആർഡേഴ്സു ലഭിക്കുന്നതിനു് അസോസിയേഷൻ മെമ്പറന്മാക്കു് ഭാഗ്യമുണ്ടായി. അതിന്റെ ഫലമായി അവിടെയുള്ള ഫാക്ടറികൾ ഇനിയും കുറേക്കാലത്തേക്കു തുടർന്നു നല്ല നിലയിൽ നടക്കുമെന്നാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. ഇതിനുവേണ്ടി ഗവണ്മെൻറിനേയും അങ്ങയേയും ഞാൻ ഹൃദയം തുറന്നു അഭിനന്ദിച്ചുകൊള്ളുന്നു. എന്നാൽ ആ നില വന്നതോടുകൂടി അവിടെ പെട്ടെന്നുണ്ടായതു്, അതിനു മുൻപും അതുവരെയും കഷ്ടപ്പെട്ടതായ നിലയെ തൊഴിലാളികൾ സ്വല്പനേരത്തേക്കു മറക്കേണ്ടതായിവന്നു. ഉടനടി സന്ദർഭം മനസ്സിലാക്കി അങ്ങു് ആലപ്പുഴയിൽ എത്തി മുതലാളിമാരേയും തൊഴിലാളികളേയും വരുത്തി തൊഴിലാളികൾക്കു് ഒരു ദിവസം ഏതാണ്ടു ഇന്നതു കിട്ടുമെന്നുള്ള ഒരു നില അവരെ മനസ്സിലാക്കുകയും അതനുസരിച്ചു് അവരുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്തു. അവസാനം മുതലാളിമാരുടെ കണക്കനുസരിച്ചു് ഒരുവിധത്തിലും തൊഴിലാളികൾക്കു് അവരുടെസംഖ്യകിട്ടുകയില്ലെന്നവരുകയും അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ലേബർ കമ്മീഷണർ ഒരു അന്വേഷണം നടത്തി കിട്ടേണ്ട സംഖ്യക്കു ഒരു നിർണ്ണയം വരുത്തുകയും ചെയ്തു. അതു ആദ്യംമുതൽ ഐ. എസ്സ്. ഡി. ഓർഡർകാലം കിട്ടണമെന്നു തൊഴിലാളികളും, തീർച്ചക്കു ശേഷമുള്ള അതു തുകയെ കൊടുക്കുകയുള്ളു എന്നു മുതലാളിമാരും തീർച്ചപ്പെടുത്തി. വീണ്ടും ഫാക്ടറികാലം ഒന്നോ രണ്ടോ പ്രാവശ്യം അടക്കേണ്ടതായിവന്നു. തൊഴിലാളികാലം ഒരുവിധത്തിലും മുതലാളിമാർ മറെറാരുവിധത്തിലും തെറിദ്ധരിച്ചിരുന്നു. തൊഴിലാളികളെ വിഷമിപ്പിക്കുന്നതിനാണു് ഇപ്രകാരം പ്രവർത്തിക്കുന്നതെന്നും, മുതലാളിമാരെ വിഷമിപ്പിക്കുന്നതിനാണു് ഫാക്ടറികാലം അടച്ചതെന്നും, പോലീസുകാരുടെ ആജ്ഞ അനുസരിച്ചാണു് അവർ പ്രവർത്തിക്കുന്നതെന്നും ഒരു തെറിദ്ധാരണയുണ്ടായി. അതിന്റെ ഫലമാണു് എന്റെ സ്നേഹിതൻ മി: കെ. സി. കരുണാകരൻ ഇന്നലെ അഭ്യർത്ഥിന്റെ പ്രസംഗത്തിൽ മുതലാളിമാർ തൊഴിലാളികളെ ഭയന്നല്ലാ, നേരെമറിച്ചു സംഗതികളുടെ കിടപ്പു മനസ്സിലാക്കിയായിരുന്നു തങ്ങാം അവരുടെ അഭീഷ്ടത്തിനു വഴിപ്പെട്ടതെന്നു പ്രസ്താവിച്ചതു്. കുറെം ഏതുവശത്തായിരുന്നാലും ആ സന്ദർഭത്തിൽ എനിക്കും ഈ അഭിപ്രായം തോന്നാതിരുന്നില്ല. അപ്പോഴാം ഞാൻ ഇൻസ്പെക്ടർ ജനറലിന്റെ പേക്കു അവിടത്തെ അന്തരീക്ഷത്തിന്റെ നില കാണിച്ചു്, ഗവണ്മെൻറു ഇതിൽ ഏതെങ്കിലുംവിധത്തിൽ കായ്ക്ഷമതയോടുകൂടി ഒരു നില സ്വീകരിക്കണമെന്നു എഴുതിഅയച്ചു. അഭ്യർത്ഥം ആലപ്പുഴ വരുമ്പോഴാം ആ അന്തരീക്ഷം ഇത്ര വേഗത്തിൽ ശാന്തമാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. വന്ന പിറെറദിവസം തന്നെ ഫാക്ടറികാലം തുറക്കുകയാണു് ചെയ്തതു്. രണ്ടുകൂട്ടക്കും തൃപ്തികരമായ ഒരു അന്തരീക്ഷം ഉണ്ടാകുമെന്നുള്ള ഒരു അവസ്ഥ, വന്ന പിറെറദിവസം തന്നെ ദൃശ്യമായി. അഭ്യർത്ഥത്തിന്റെ ഏറെറവും സന്ദർഭോചിതമായി ചെയ്തിട്ടുള്ള പ്രവർത്തികളെ ഞങ്ങാം അഭിനന്ദിക്കുന്നു. എങ്കിലും, അതിനു ഏപ്പോഴും ഞങ്ങാം കടമപ്പെട്ടവരാണെങ്കിലും, ഏതെങ്കിലും ഒരു തൊഴിലാളി മുതലാളിമണ്ഡലം വരികയാണെങ്കിൽ, ഏതെങ്കിലും വിധത്തിൽ ഒരു തീർച്ചയുണ്ടാകാതെ രണ്ടോ മൂന്നോ മാസങ്ങാംകു മുകളിൽപോയി അവിടംമുതൽ സംഗതികാലം ശരിപ്പെടുത്തണമെന്നുള്ള ഒരു നില വന്നുകൂടാൻ പാടില്ലാത്തതാകുന്നു.

The House adjourned at 1 p. m. and re-assembled at 2 p. m. with the President in the Chair.

LIBRARY ARCHIVES Kerala Legislative Assembly

SAHIB BAHADUR P. S. MUHAMED : സർ, തൊഴിലാളികളുടെ മക്കട മുഷ്ടിയും മുതലാളിമാരുടെ ദുർമോഹവും കൊണ്ടായിരുന്ന നിസ്സാരമായ സംഗതിക്കു കുഴപ്പമുണ്ടായതെങ്കിലും, ഭാഗ്യവശാൽ അങ്ങയുടെ ഉപദേശത്തിന്റെ ഫലമായി കായ്ങ്ങരം തൊഴിലാളികളും മുതലാളികളും തമ്മിൽ ഭംഗിയായിത്തന്നെ അവസാനിക്കത്തക്ക ഒരന്തരീക്ഷമാണുണ്ടായതു്. അങ്ങനെ അവിടത്തെ കുഴപ്പം അവസാനിച്ചു. ഇനിയും കുറെക്കാലത്തേക്കു വൈഷമ്യങ്ങളൊന്നുമുണ്ടാകാതെയിരിക്കത്തക്കനിലയിൽ വാളണ്ടിയർ കൺസിലിയേഷൻബോർഡ് രൂപീകരിച്ചു. അതിനും പുറമെ ഐ. എസ്സ്. ഡി. അർഡേഴ്സ് ധാരാളമായി ഉണ്ടായി. എന്നാൽ ചേർത്തലയിലാണെന്നവരുകിൽ കഴിഞ്ഞകൊല്ലത്തിൽ അരിവിതരണം ചെയ്തതും റിലീഫ് വക്ക് നടത്തിയതും ആയ അന്തരീക്ഷത്തിനു യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. അങ്ങയുടെ ശ്രമഫലമായി കിട്ടിയതായ ഐ. എസ്. ഡി. അർഡേഴ്സിന്റെ ഒരംശം അനുഭവിക്കുവാനുള്ള ഭാഗ്യം അവക്കുണ്ടായില്ല. ഇരുന്നൂറിഅമ്പതു ചെറിയ ഫാക്ടറികളോളം ചേത്തലയിലുണ്ടു. അതിന്റെ ഒരു അസോസ്യേഷൻ പ്രസിഡൻറു എന്നുള്ള നിലയിൽ കുറെക്കാലമായി പ്രവത്തിച്ചുകൊണ്ടിരിക്കുന്ന എനിക്കു അവരുടെ ഇന്നത്തെ പരിതാപകരമായ നിലയെക്കുറിച്ചു പറയാൻ കഴിയും. ഇരുന്നൂറിഅമ്പതോളം വരുന്ന ഫാക്ടറികളിൽ നൂറെണ്ണത്തിന് മാത്രമാണു ഐ. എസ്സ്. ഡി. അർഡേഴ്സ് വഴിയുണ്ടായ ആഡറിന്റെ കീഴ് കൺടാക്റ്റു ലഭിച്ചതു മുപ്പത്തിമൂന്നു ശതമാനം കുറച്ചുള്ള റേറിനാണു ആർഡർ കിട്ടപ്പെട്ടന്നതു്. അങ്ങിനെ വളരെ കുറഞ്ഞതായ റേറിനുവേണ്ടി ദൂരദേശങ്ങളിൽ പോയി ശ്രമിച്ചതിന്റെ ഫലമായിട്ടു മാത്രമാണു പതിമൂന്നു ഫാക്റ്ററികൾക്കു മാത്രമെങ്കിലും കുറെ ആഡറുകൾ കിട്ടിയതു. ഈ പതിമൂന്നു ഫാക്റ്ററികളിൽ ഏതാണ്ടു അല്പസ്വല്പമായിട്ടുള്ള വേലകൾ ഉണ്ടായിരുന്നു എന്നു വേണമെങ്കിൽ പറയാം. അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. തൊഴിലാളികൾക്കാകട്ടെ അവിടെയുള്ള മുതലാളിമാക്കാകട്ടെ അതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. ഈ നിലക്കു ഒരു തൊഴിലാളി-മുതലാളി മത്സരം അലപ്പുഴയിൽ സംഭവിച്ച മാതിരി ചേത്തലയിലും ഉണ്ടാകുക എന്നുവച്ചാൽ അതിനേക്കാൾ അപായകരമായ ഒരു രംഗം തൊഴിലാളികൾക്കു വരുവാനില്ല.

ഐ. എസ്സ്. ഡി. അർഡറുകൾ മാത്രം കൊണ്ടാണ് ഇന്ന് ഫാക്റ്ററികളിൽ ജോലികൾ ഉള്ളതായി കാണുന്നു. ചേത്തലയിലുള്ള ഫാക്റ്ററികളിൽ ഒരു ഒറ്റ ഫാക്ടറിമാത്രമേ മാൻപാക്കറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

അസോസിയേഷനിൽ ഉൾപ്പെട്ടതായുള്ള ഇരുന്നൂറിൽശിഷ്ടം ഫാക്റ്ററികൾക്കും അവ വലുതായാലും കൊള്ളാം ചെറുതായാലും കൊള്ളാം, ആ ആർഡേഴ്സിന്റെ യഥാർത്ഥമായ പ്രയോജനം അനുഭവിക്കുവാൻ സാധിച്ചിട്ടില്ല.

PRESIDENT : Why does the honourable member say that? Was it not generally understood that these would be distributed not only to Alleppey, but under certain conditions, which were more or less discussed, to Shertallay also ?

SAHIB BAHADUR P. S. MUHAMED : അങ്ങനെയായിരുന്നു ഞങ്ങളുടെ വിശ്വാസം. മാനുഫാക്ചറേഴ്സ് അസോസിയേഷനെ സംബന്ധിച്ചാണെങ്കിൽ അവർ പ്രൊഡക്ഷൻ കപ്പാസിറ്റിയെ അല്ല കണക്കാക്കുന്നത്. ഷിപ്പുമെന്റു കപ്പാസിറ്റിയെയാണ്. കിട്ടുന്ന ആർഡറുകൾ തന്നെ അവരുടെ അടുക്കൽചെന്നു കാത്തുകിടന്നു വളരെ പുതുങ്ങിയ റേറിനു വേലചെയ്യുതരാമെന്നു പറഞ്ഞിട്ടാണു കിട്ടുന്നതു.

മി: ജാർജ് പ്രസിഡൻറായിരുന്ന ടെയിഡ ഡിസപ്പൂട്ട് കമ്മറിയിൽതന്നെ ആലപ്പുഴയെ അപേക്ഷിച്ച് മുപ്പത്തിമൂന്നിൽശിഷ്ടം ശതമാനം കുറച്ചാണ് ചേർത്തലയിൽ റേറു നിശ്ചയിച്ചിരിക്കുന്നതു്. ഈ നിലയിലുള്ള വിഷമം അവിടെ യുണ്ടാക്കുക എന്നു വച്ചാൽ ഇനിയും കുറെ റിലീഫ് വക്കു, അരി എന്നിവ ചേർത്തലക്കുവേണ്ടിമാത്രം മാറിവക്കേണ്ടിവരും. അവിടെ ഫാക്ടറികൾക്കു പ്രവർത്തിക്കുവാൻ നിവർത്തിയില്ല. ആലപ്പുഴയിൽ കിട്ടുന്നതായ ആർഡറിന്റെ ഒരു ശതമാനം ചേർത്തലക്കും കിട്ടാൻ വേണ്ട സെറ്റപ്പും ചെയ്യണം. അതിന് രണ്ടു ഉണ്ടാക്കം ഉണ്ട്. ഒന്നാമതായി ബാംബെ, കൽക്കട്ട, ഇവിടങ്ങളിലുള്ള ആളുകൾക്കു ആർഡർ എടുത്തു് ഇവിടെ വന്നു ചെറിയ റേറിന് ഇവിടെ ചെയ്തുകൊടുക്കാൻ സാധിക്കുന്ന പതിവു നിറുത്തുവാൻ കഴിയും. രണ്ടാമതായി ആലപ്പുഴയിലിപ്പോൾ ലേബർപ്രതിനിധികളും എംപ്ലായികളും കൂടി ഒരു കമ്മറി രൂപീകരിച്ചു ക്രമീസംബന്ധമായ തർക്കങ്ങളെ തീർക്കുന്നതു പ്രകാരം ചേർത്തലയിലെ മുതലാളിതൊഴിലാളി പ്രതിനിധികൾ ചേർന്നു ഒരു വാളൻറിയർ ബോർഡ് ഉണ്ടാക്കി തൊഴിലാളിത്തർക്കങ്ങളെ തീർക്കുന്നതിനും തൊഴിലാളികൾക്കു ജോലി കൊടുക്കുന്നതിനും കഴിയും. ആലപ്പുഴയിലെ തൊഴിലാളികളും മുതലാളികളും കൂടി ചേർത്തലക്കാരുടെ കൂലി നിശ്ചയിക്കുകയെന്നുവന്നാൽ അതു ഭയങ്കരമാണ്. ആലപ്പുഴയിലേയും ചേർത്തലയിലേയും ചുറ്റുപാടുകൾ വേറെവേറെയാണ്. ആലപ്പുഴയിൽ എല്ലാ തൊഴിവിനും കൂലി കൂടുതലാണ്. അവർ നിശ്ചയിക്കുന്ന കൂലി ചേർത്തയിൽ കൊണ്ടുവരുന്നതു നല്ലതല്ല.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : I suppose the honourable member will grant that wages in the nature of things, would not be exactly the same in Shertallai as in Alleppey.

(Mr. K. C. Karunakaran stood up to ask a question).

PRESIDENT: I was just going to mention that after Mr. Muhamed's speech is over, if any question of a personal character arises I will give the honourable member Mr. Karunakaran two minutes.

SAHIB BAHADUR P. S. MUHOMED : അലപ്പുഴയിലെപ്പോലെതന്നെ ചേർത്തലയിലെ തൊഴിലാളി പ്രതിനിധികളും മറ്റും ചേർന്ന് ഒരു കമ്മറ്റിരൂപീകരിക്കുന്ന സംഗതിയിൽ വേണ്ടത പ്രവർത്തിക്കാൻ എംപ്ലായേഴ്സ് അസോസിയേഷൻ തയ്യാറാണ്. ചേർത്തല ഫാക്ടറിക്കാരുടെ സംഗതികളും നോക്കണം. താവക്കും മുമ്പോട്ടുപോകണം. അവർക്കും ജീവിക്കണം. താല്പര്യത്തിൽ ഒത്തുതീർപ്പുണ്ടാക്കി അവർക്ക് മുമ്പോട്ടുപോകാൻ സാധിക്കുകയുള്ളൂ.

ഇനിഎനിക്ക പറയുവാനുള്ളത എന്റെസ്നേഹിതന്മാരിൽ ചിലർ ഇവിടെ പറഞ്ഞിട്ടുള്ളതായ ഇന്നത്തെ രാഷ്ട്രീയസംഗതികളെ കുറിച്ചാണ്. മി. നാരായണൻ ഉത്തരവാദഭരണം തീർച്ചയായിട്ടും പാടില്ല എന്ന് ഇദ്ദേഹവും പറഞ്ഞതല്ല — അവർ നാമിലഷിക്കുന്നില്ല. എന്തും മറ്റും ഇന്നു പറഞ്ഞുകഴിഞ്ഞു. ഇദ്ദേഹ സമുദായത്തെ സംബന്ധിച്ചിടത്തോളം അതു വിഭാവനചെയ്ക അഭിപ്രായമാണ്. മുസ്ലിം സമുദായത്തെ സംബന്ധിച്ചാണെങ്കിൽ അവരുടെ അഭിപ്രായം ആരംഭം മുതൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അവർ ഏറ്റവും ചെറിയ ഒരു ന്യൂനപക്ഷസമുദായമാണ്. അവർക്ക പ്രത്യേകമായ സംസ്കാരം ഒന്നും ഇവയുള്ളതുകൊണ്ട് മഹാരാജാവു തിരുമനസ്സിനോട ഉത്തരവാദിത്തമുള്ള ഒരു ഗവർണ്മെന്റിൽ അധികം അവർക്ക വിശ്വാസം. പൊതുജനരക്ഷയ്ക്കുവേണ്ടി പൊതുജനങ്ങളുടെ അഭിപ്രായം അനുരിക്കത്തക്ക നിലയിലുള്ള ഒരു ഭരണസംവിധാനമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ജനങ്ങളുടെ ആഗ്രഹത്തെ അനുരിക്കത്തക്ക ഒരു ഭരണസംവിധാനം മാത്രമാണ് വേണ്ടതും. മറ്റും അങ്ങിനെതന്നെയുണ്ടാകും. ദിവാൻപ്രസിഡന്റ് അതിനെ സംബന്ധിച്ച ഒരു പ്രസ്താവന ചെയ്തുകഴിഞ്ഞു. അതിൽ കൂടുതൽ എനിക്ക ഒന്നും പറവാനില്ല. ഒരു ഭരണപരിഷ്കാരം ഉണ്ടായാലും മുസ്ലിം സമുദായത്തെ സംബന്ധിച്ച ഒരു സംഗതി പറവാനുള്ളത് അവർക്ക അവരുടെ മതം, സംസ്കാരം എന്നീ വിഷയങ്ങളിൽ അവർ ന്യൂനപക്ഷമായിരിക്കുന്നിടത്തോളം കാലം മഹാരാജാവു തിരുമനസ്സിലെ അധികാരത്തിനു ഭംഗം വരാത്തക്ക

LIBRARY ARCHIVES Kerala Legislative Assembly

തെ മരണസംപ്രദായത്തെ നാശം സാധ്യമായ കാര്യനിർവ്വഹണം നോക്കിയാൽ താങ്ങുകലിക്കുവാൻ നിവർത്തിയില്ല. കാരണം-കൈയ്യൂടെ എണ്ണം അനുസരിച്ചാണ് ഗവൺമെന്റ് ഉത്തരവാദിത്വം നൽകുന്നതെന്ന വസ്തുകിൽ പല സംഗതികളും ഞങ്ങൾക്ക് വിഷമമുണ്ടാകുമെന്നുള്ള വിശ്വാസക്കാരാണ് ഞങ്ങൾ. ഉദാഹരണമായിതന്നെ ഈ കഴിഞ്ഞ അസംബ്ലിയിൽ സ്പെഷ്യൽ മാര്യേജ് ബിൽ സംബന്ധിച്ച് മുസ്ലിങ്ങളുടെ അഭിപ്രായം മുഴുവൻ പറയുന്നതിനു മുൻപുതന്നെ ഇവിടെ കൈകളുടെ എണ്ണംകൊണ്ട് എന്റെ കാര്യം പറയാൻ സാധിക്കാതെ വന്നു. അങ്ങനെയുള്ള ഒരു സംപ്രദായത്തിൽ ഒരു ഉത്തരവാദഭരണം-സ്റ്റേറ്റ് കോൺഗ്രസിന്റെ ഉത്തരവാദിത്വഭരണം മുമ്പോട്ടുപോകുന്നുവെന്നുവരികിൽ അങ്ങിനെയുള്ള ഒരു നില വരുത്തുന്നതിനു അഭിപ്രായക്കാരനാണ് ഞാൻ. വ്യക്തിപരമായ എന്റെ അഭിപ്രായത്തിൽ എന്റെ സ്നേഹിതന്മാർ ഏതു നിലയും മാറ്റിത്തരുമെന്നു വിശ്വസിക്കുന്നു.

ഇനി ഒരു സംഗതിമാത്രമേ എനിക്കു പ്രസ്താവിക്കുവാനുള്ളൂ. അതായതു മുസ്ലിമുകളും എല്ലാവരും ആഗ്രഹിക്കുന്ന ഒരു സംഗതി അവിടുന്ന് ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായിട്ടു കാണുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. മുസ്ലിമുകൾക്കു കൊച്ചിനു വേണ്ടി യൂണിവേഴ്സിറ്റി ശ്രമം പതിപ്പിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് റക്കമെന്റ് ചെയ്തിട്ടുണ്ട്. സെനറ്റിൽ അതിനു അംഗീകാരം ലഭിക്കുമെന്നുതന്നെ വിശ്വസിക്കുന്നു. ആയതിലേക്കു സെനറ്റു മെമ്പറന്മാരോടും, അധ്യോഗത്തിൽ അഭ്യുക്ഷം വഹിച്ച ഞങ്ങളോടും എനിക്കുള്ള— എന്റെ സമുദായത്തിനുള്ള — നന്ദിയെ പ്രദർശിപ്പിച്ചുകൊള്ളുവാൻ ഈ സന്ദർഭത്തെ വിനിയോഗിച്ചു കൊണ്ടു ഞാൻ വിരമിച്ചു കൊള്ളുന്നു.

Mr. K. C. KARUNAKARAN: Sir, when the question of distributing the orders of the Indian Stores Department came up, you insisted that these orders should be distributed to all the coir factories throughout the State. It is on that strict understanding that the Government came forward to help the Association in getting those orders for mats and mattings giving the necessary guarantee to the Government of India. Not only you insisted in a general way, Sir, when the orders were secured by the Association, and when the question of distribution came up, you sent Mr. G. Parameswaran Pillai to Alleppey to see that the interests of the mofussil factories were also safeguarded. Sir, we acted in these things according to your advice. There are only a very few factories in Shertalai and also in Anjengo which directly export

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. C. Karunakaran.]

mats and mattings to the United Kingdom. In distributing these orders, we were not able to go by the number of looms working in a factory. If we go on the basis of the number of looms; the benefit would go to two or three European factories and they will get the largest share of the orders. After a full discussion lasting for days, we came to the conclusion that the only basis of distributiug the orders is the basis of the export figures which each shipper handled over a period of three years. Sir, these mofussil factories except a few of them are feeders to important Alleppey factories and we fed these factories as in the past in respect of these I. S. D. orders also. When we put up all these figures and facts before your representative Mr. G. Parameswaran Pillai, he agreed that it is the only possible and feasible basis for distributing these I. S. D. orders. When the orders came up to the Association consisting of 29 members and all of them exporters these members distributed the business to Shertalai and Anjengo. But we were not able to secure the total 100 per cent. from the Indian Stores Department. As Mr. P. S. Mahomed said, some orders went to Bombay. But Mr. P. S. Mahomed enjoys these orders without allowing others to enjoy even a portion of it.

With regard to the second point, I may say that we formed a voluntary association during the recent labour crisis to settle disputes and differences in the matter of wages etc. The Association operates only with regard to the labour within the Municipal area at Alleppey. We advise the other industrial centres to form their own committees. telling them that we are prepared to co-operate with them if our co-operation is asked for. The newly formed Industrial Relations Committee at Alleppey have no idea of interfering with the labour disputes and ettlements outside their jurisdiction.

SRIMATHI T. NARAYANI AMMA: Sir, it is not an easy matter to frame a budget at a time when the resources of almost every State are in one way or other affected by a devastating war of unprecedented magnitude whose repercussions, we even in this distant Travancore are experiencing. Yet in spite of such circumstances the Financial Secretary to the Government of His Highness the Maharaja of Travancore has been able to present to us a budget which, without increasing the burden of the people, meets the legitimate demands of a progressive administration, leaving at the same time a substantial surplus. No one who carefully studies the figures contained in the Budget report and dispassionately consider the explanations given by the Financial Secretary in his speech can fail to commend it. I hasten to congratulate the Financial Secretary on the Budget presented by him. His indeed has been an unenviable task and he has discharged it in a manner which greatly redounds to the credit of the Government. The several measures adopted by Government to effect cuts in expenditure in order that both ends may be met without additional taxation and without impairing the efficiency of the administration are in consonance with the declared policy of Government. The only directions in which Government seek to increase the revenue are by levying a cess on the rubber exported from the State and by increasing the existing duty on tea which affects only the capitalists.

LIBRARY ARCHIVES Kerala Legislative Assembly

Coming to the expenditure side, one is indeed glad to note that adequate provisions have been made to several departmental activities of a far-reaching character. A Five Year Plan for the development of the forest resources is a step in the right direction. It is a matter of gratification, Sir, that the various research activities of the University have already begun to yield substantial results and the hope expressed by the Financial Secretary that ere long the university will more than justify the objects with which it has been organised, I feel sure, will be heartily echoed by every patriotic Travancorean. The new schemes under agriculture and Industries will also be gladly welcomed by the people. In fact it would have been only in the fitness of things if larger allotments were made for the improvement of agriculture and the development of industries. You, Sir, as the Head of the Administration have already given a great impetus to questions connected with agriculture and industries and with the possibilities of industrial expansion mentioned in the concluding paragraph of the Financial Secretary's speech. The people look upon you Sir for large scale industrial undertakings which will go a long way in solving the growing problem of unemployment—a problem by the by, which is invading the domain of women also to an alarming extent.

Sir, with regard to the Co-operative Department one would have been gladder if a larger allotment had been made for it and the Department placed under a full time officer. It is also seen that under Medical, Ayurveda, Public Health and Sanitation, provision has been made only for the normal activities of the departments concerned. Sir, in this connection I venture to make special reference to these departments because of the great need felt for an increased number of women doctors, nurses and midwives and a further extension of medical relief and public health activities to rural areas. But we do not forget the fact that it is a War-time budget, and I only hope that when it is time for the preparation of the next budget, the "frowns of the war" to which doleful references were made by the Financial Secretary in his speech would disappear enabling the Government to launch schemes of the kind referred to in your inspiring addresses, to the greater prosperity of the people and the greater glory of the State.

MR. THARIATHU KUNJITHOMMEN: സർ, രാജ്യകാര്യങ്ങളെ വിമർശിച്ച രാജ്യക്ഷേമകരങ്ങളായ നിർദ്ദേശങ്ങൾ നൽകുവാൻ ജനപ്രതിനിധികൾക്ക ലഭ്യമാകുന്ന പ്രധാന അവസരം ബഡ്ജറ്റ പൊതുവിമർശനാവസരമാണല്ലൊ? എനിക്ക് മുമ്പു പ്രസംഗിച്ച മാന്യമെമ്പറന്മാർ പല പ്രധാനവിഷയങ്ങളും പറഞ്ഞുകഴിഞ്ഞു. അതിനാൽ ഏറ്റവും പ്രധാനമെന്ന് ഞാൻ വിചാരിക്കുന്ന ചില സംഗതികളെ ഈ പരിമിതമായ സമയത്തിനുള്ളിൽ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ വിചാരിക്കുന്നുള്ളൂ. യുദ്ധപരിതസ്ഥിതികളാൽ ഓരോ ഗവണ്മെൻറുകളും ധനസംബന്ധമായ വലിയ വിഷമത്തിൽ അകപ്പെട്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr: Thariathu Kunji hommen.]

ഈ അവസരത്തിൽ സാധുജനസംരക്ഷണത്തിനു ലുബ്ധുകാണിക്കാതെയും സാമാന്യജനങ്ങളുടെ മേൽ വമ്പിച്ച നികുതിഭാരം ചുമത്താതേയും ഗവണ്മെൻറിൻെറ സാമ്പത്തികനില സുരക്ഷിതമാക്കി വച്ച് രിക്കുന്നതിലും, ഭാരതഭൂമിയിലെ ഇതരഭാഗങ്ങളിൽ സുലഭമല്ലാത്ത സമുദായസൌഹാർദ്ദവും, പൊതുസമാധാനവും പരിരക്ഷിച്ചുവരുന്നതിലും ഭരണാദ്ധ്യക്ഷൻ പ്രദർശിപ്പിച്ചിട്ടുള്ള ഭരണനൈപുണ്യം അഭിനന്ദനീയമായിരിക്കുന്നു. സാമ്പത്തിക പുരോഗതിയും, സാമുദായികസൌഹാർദ്ദവും, ഇവകളിൽ നിന്നും ഉളവാകേണ്ട ജനക്ഷേമവും പൊതുസമാധാനവും, വർദ്ധിക്കുവാൻ അവശ്യം വേണ്ടതായ ചില നിർദ്ദേശങ്ങളാണ ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ വിചാരിക്കുന്നത്. നമ്മുടെ രാജ്യം ജനസംഖ്യയിലും മൂതലെടുപ്പിലും ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽവെച്ച് മൂന്നാമത്തേതാണെങ്കിലും വിസ്തീർണ്ണത്തിൽ കേവലം പത്തൊൻപതാമത്തേതു മാത്രമാണ. ജനസംഖ്യാനുസരണമായി വേണ്ട സ്ഥലവിസ്തീർണ്ണത ഇവിടെയില്ല. നമ്മുടെ പ്രധാന തൊഴിൽ കൃഷിയാണ്. കൃഷിക്കു സ്ഥലമില്ലാതെ നിവൃത്തിയില്ലല്ലോ. പന്ത്രണ്ടു സെൻറ് വെറ്റ്ലാൻഡും മുപ്പത്തിയൊന്നരസെൻറ് ഡ്രൈലാൻഡും ആണ് ഇവിടെ ശരാശരി ഒരാളിനുള്ളത്. ഇവിടെ ഒരാളിൻെറ പ്രതിവത്സരമുള്ള ശരാശരി വരുമാനമൊ അമ്പത്തഞ്ചായൊന്നു രൂപാ മാത്രമാണ്. ഇതെല്ലാം സെൻസസ്സു റിപ്പോർട്ടിനോടനുബന്ധമായി ചേർത്തിട്ടുള്ള സാമ്പത്തിക സർവ്വേ കണക്കുകളിൽനിന്നാണ് ഞാൻ ഉദ്ധരിക്കുന്നത്. ആളാംപ്രതി പന്ത്രണ്ടു സെൻറ് വീതമുള്ള വെറ്റ് ലാൻഡിൽ കൃഷിചെയ്താൽ ഈ രാജ്യത്തെ ഓരോരുത്തർക്കും ആവശ്യമുള്ള ആഹാരസാധനങ്ങൾപോലും വിളയിക്കാൻ സാധിക്കയില്ല. നമ്മുടെ സാമ്പത്തികനില അധഃപതിക്കാതെ ഈ വിധത്തിലെങ്കിലും പരിരക്ഷിച്ചുകൊണ്ടുപോകുന്നത് ഇവിടത്തെ ഡ്രൈലാൻഡിലെ ഉൽപന്നങ്ങളുടെ കയറ്റുമതികൊണ്ടുമാത്രമാണ്. നമ്മുടെ ഉൽപന്നങ്ങളെ നാം വിദേശങ്ങളിലേക്കു അയച്ചു കിട്ടുന്ന പണം കൊണ്ടാണ് നമുക്കു ആവശ്യമുള്ള ആഹാരസാധനങ്ങൾ, വസ്ത്രങ്ങൾ, ലോഹസാധനങ്ങൾ മുതലായവ പുറത്തുനിന്നും വാങ്ങി നാം കഴിയുന്നത്. ഇതെല്ലാം നാം എത്രതന്നെ ശ്രമിച്ചാലും ഇവിടത്തന്നെയുണ്ടാക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് നെൽക്കൃഷി വർദ്ധിപ്പിക്കേണ്ടായെന്നല്ല ഞാൻ പറയുന്നത്. നെൽക്കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതും, അതിലേക്കു വേണ്ട പ്രോത്സാഹനങ്ങളെല്ലാം ഗവണ്മെൻറു നൽകേണ്ടതുമാണ. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

നെൽക്കൃഷിയേക്കാൾ ആദായകരമായ മറ്റുകൃഷികൾ ചെയ്യാൻ നിവൃത്തി യില്ലാത്ത സ്ഥലങ്ങളിലെ നെൽക്കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കാവൂ. നമുക്കു ആവശ്യമുള്ള ആഹാരസാധനം ഇവിടെ വിളഞ്ഞുണ്ടാകുന്ന താണോ, അതല്ലാ വെളിയിൽനിന്നും വരുന്നതാണോ എന്നല്ല നാം പ്രധാ നമായി നോക്കേണ്ടതു്. ഇവിടത്തെ ഒരേക്കർ ഭൂമിയിൽനിന്നു എത്ര കൂടുതൽ ആദായം ഉണ്ടാക്കാമെന്നാണു് നാം നോക്കേണ്ടതു്. കൂടുതൽ പണമുണ്ടായാലെ നെല്ലുമുതലായ ഇറക്കുമതി സാധനങ്ങൾ വാങ്ങുവാൻ നാം കൂടുതൽ ശക്തരായി തീരു. ആളാംപ്രതിയുള്ള വരുമാനത്തെയാണു് എത്ര ഉയരുമോ, അതനുസരിച്ചാണല്ലോ നമ്മുടെ സാമ്പത്തിക ഉയർച്ച. അതിനാൽ ലോകത്തിലെ വിപണികളിൽ കൂടുതൽവിലയുള്ള പോകുന്ന ഉൽപന്നങ്ങളുടെ കൃഷിയാണു് പ്രോത്സാഹനാർഹമെന്നു സ്പഷ്ടമാ ണല്ലോ. മനുഷ്യക്കെന്നപോലെ രാജ്യങ്ങൾക്കും ചിലവിഷയങ്ങളിൽ അന്യോന്യം ആശ്രയിച്ചു് കഴിയേണ്ട വിധമാണു് പ്രകൃതിനിയമം. ശീതോഷ്ണസ്ഥിതിയും ഭൂപ്രകൃതിയുമനുസരിച്ചു് ഓരോ രാജ്യത്തു ഓരോന്നു ആദായകരമായി കാണും. അതനുസരിച്ചു പ്രവർത്തിക്കണം. നാളികേരം, പെപ്പർ, ചുക്കു മുതലായവയുടെ കയറ്റുമതി ഇന്നത്തിൽ വലിയതുക ഈ രാജ്യത്തു വന്നിരുന്നു. ഇറക്കുമതിയുടെ നഷ്ടം ഈ വിധം നികന്നുവന്നു. മേൽപ്പറഞ്ഞ നമ്മുടെ ഉൽപന്നങ്ങൾക്കു വളരെ വിലകുറഞ്ഞുപോയി. നമുക്കു ഇപ്പോഴുള്ള ആദായകരമായ ഉൽപന്നങ്ങൾ റബ്ബർ, ഏലം, തേയില ഇവയാണു്. റബ്ബർകൃഷിയുടെ മൂന്നിൽ രണ്ടുഭാഗവും, തേയില കൃഷിയുടെ എട്ടിൽ ഏഴുഭാഗവും വിദേശികളുടെ കയ്യിലാണെന്നു സെൻ സസ്സുറിപ്പോട്ടിൽനിന്നുകാണാം. ഏലകൃഷിയും എൺപതുശതമാനവും വിദേശികളുടെ അധീനമാണു്. ഇപ്പോൾ ആദായകരമായ കൃഷികൾ ഒന്നുതന്നെ നാട്ടുകാരുടെ സ്വാധീനത്തിൽ അധികം ഇല്ല. മേൽപ റഞ്ഞ ഉൽപന്നങ്ങൾക്കു ഡ്യൂട്ടി ചുമത്തിയതിൽ സാമാന്യജനങ്ങൾക്കു ആക്ഷേപമൊന്നും തന്നെ സങ്കടമില്ല. ആദായകരമായ തൊഴിലുകളിൽ നിന്നു പണം പിരിച്ചുവേണമല്ലോ ഏതു ഗവണ്മെൻറിനും രാജ്യകാര്യങ്ങൾ നിർവ്വഹിക്കുവാൻ. ഏതായാലും ഈ വിധത്തിലുള്ള ആദായകരമായ കൃഷിയെ വർദ്ധിപ്പിക്കാൻ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം. റബ്ബർ കൃഷിയും തേയിലകൃഷിയും നിയന്ത്രണംകൊണ്ടു ഇനി വർദ്ധിപ്പിക്കുവാൻ നിവൃത്തിയില്ലാതിരിക്കുന്നു. അടുത്തകാലത്തു ഗവണ്മെൻറിൻെറ ശ്രമ ഫലമായി റബ്ബർകൃഷിയില്ലാത്തവർക്കു കുറെ സ്ഥലങ്ങൾ കൃഷിചെയ്യാൻ സൌകര്യം ലഭിച്ചു. തേയിലയുടെ കാര്യത്തിലും ഈ വിധം ശ്രമിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tharithu kunjithommen,]

ഫലം വരുത്തണം. ഒന്നോ രണ്ടോ ലക്ഷം ഏക്കർ സ്ഥലത്തുകൂടി ഏല കൃഷി വ്യാപിക്കുവാൻ നമ്മുടെ രാജ്യത്തു് സൌകര്യമുണ്ടു്. ഈ കൃഷിക്കു വലിയ വൃക്ഷങ്ങൾവെട്ടി വനം നശിപ്പിക്കേണ്ട ആവശ്യമില്ല. ചെറിയ ചെടികൾ മാത്രം മുറിച്ചാൽമതി. ഏലകൃഷിക്കുപയുക്തമായ സ്ഥലങ്ങൾ ഒരാൾക്കു അമ്പതു ഏക്കറിൽകൂടാതെ തിരുവിതാംകൂറിലെ പൌരന്മാർക്കു കൊടുത്തു അവരെ ഈ കൃഷിയിൽ പ്രോത്സാഹിപ്പിക്കുന്നപക്ഷം വളരെ പ്പേർക്കു കാലക്ഷേപമാർഗ്ഗവും, ഗവർമ്മെൻറിനു അധികം മുതലെടുപ്പും രാജ്യത്തു് കൂടുതൽ ഐശ്വര്യവും ഉണ്ടാകും. ഓരോതരം കൃഷികൾക്കും ഭൂമി പതിച്ചുകൊടുക്കുന്നതിൽതന്നെ ഭൂമി ഇല്ലാത്തവർക്കു പ്രഥമാവകാശം നൽകണം. കാർഷികപാരമ്പര്യമുള്ള ഒരു വമ്പിച്ച സമുദായം ധാരാളം ഭൂസ്വത്തു് ഉണ്ടായിരുന്നതു് അളോഹരിഭാഗത്തിൽ ചുരുങ്ങിയതിനാൽ, കൃഷിക്കു ഭൂമിയും പണവും കുറഞ്ഞുപോയതിനാൽ വിഷമിക്കുന്നുണ്ടു്. അധികസാമർത്ഥ്യവും വിദ്യാഭ്യാസവും ഉള്ള പ്രസ്തുത സമുദായത്തിലെ യുവാക്കന്മാരുടെ ശ്രദ്ധയെ ഭൂമിയും കൃഷിലോണും നൽകി കൃഷിയിലേക്കു തിരിച്ചുവിടണം. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവരെ ഗവണ്മെൻറു സഹായിക്കുന്നുണ്ടല്ലോ. അതുപോലെ ഭൂസ്വത്തു കുറഞ്ഞ എല്ലാ സമുദായക്കാർക്കും ഭൂമിപതിച്ചുകൊടുക്കുന്നതിൽ മുൻഗണന നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണു. അതുപോലെ തന്നെ പബ്ലിക്കുസർവീസിൽ വളരെ പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു അവിടെ മുൻഗണന നൽകണം. ഇതെല്ലാം രാജ്യക്ഷേമത്തിനു ആവശ്യമാണു. നമ്മുടെ രാജ്യത്തു് പൊതുക്ഷേമം പാലിക്കയും സമുദായങ്ങളുടെ ഇടയിൽ സൌഹാർദ്ദവും ഐക്യവും വളർത്തുകയും ചെയ്യുന്നതിനു ഇതെല്ലാം ആവശ്യമാണു്. ഗവണ്മെൻറിൻെറ ശ്രദ്ധ പതിയാതിരുന്ന പ്രദേശങ്ങളിലേക്കും സമുദായങ്ങളിലേക്കും ഗവണ്മെൻറു ഇപ്പോൾ കൂടുതലായി ശ്രദ്ധ പതിപ്പിച്ചുവരുന്നുണ്ടെന്നു കാണുന്നതു് സന്തോഷാവഹം തന്നെ. എന്നാൽ ഈ വിഷയത്തിൽ ഇനിയും വളരെ കൂടുതൽ ശ്രദ്ധിക്കാനുണ്ടു്. ജനങ്ങളുടെ ഇടയിൽ അസംതൃപ്തത ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒന്നാമത്തെ സംഗതി ഇവിടത്തെ പബ്ലിക്കുസർവീസിൽ ചില സമുദായങ്ങൾക്കു ഇപ്പോഴും ഉള്ള വലുതായ അസമത്വമാണു്. പബ്ലിക്കുസർവീസിനെ ശരിപ്പെടുത്താൻ ഒരു കമ്മീഷണറെ നിയമിച്ചു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു കുറച്ചെല്ലാം ഗുണമുണ്ടു്. ഇതിനു പല ന്യൂനതകളുമുള്ളതു് പിന്നീടു പ്രസ്താവിച്ചുകൊള്ളാം. എന്നാൽ ഉയർന്ന ഉദ്യോഗങ്ങളിലുള്ള നിയമനങ്ങൾ കമ്മീഷണരുടെ അധികാരപരിധിയിലല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ മുപ്പത്തിയാറു ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്മാരുണ്ട്. ഈ രാജ്യത്തെ വമ്പിച്ച ജനവിഭാഗമായ ഈഴവസമുദായത്തിൽ നിന്ന് അതിൽ ഒരാൾപോലും ഇല്ല. ഈ രാജ്യത്തെ ജനവിഭാഗത്തിൽ മൂന്നാമത്തെസ്ഥാനത്തു നിൽക്കുന്ന സിറിയൻ കത്തോലിക്കരിൽനിന്നും നാലാമത്തെതായ ലാറ്റിൻ കത്തോലിക്കരിൽനിന്നും ഇതിൽ ആരും ഇല്ല. സെക്രട്ടേറിയേറ്റിലുംസിറിയൻ കത്തോലിക്കക്കു ഒരു ഉയർന്ന ഉദ്യോഗവും ഇല്ല. ഇവരിൽനിന്ന ഡിവിഷൻ അസിസ്റ്റൻറന്മാരും തഹശീൽദാരന്മാരും ആരും ഇല്ല. രാജ്യഭരണനിപ്പോർട്ടിൻെറ ആദ്യത്തെഭാഗത്തുതന്നെ പറഞ്ഞിരിക്കുന്നതു ഈ രാജ്യത്തെ ഭരണനയം ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷന്മാരോട് ആലോചിച്ചു സെക്രട്ടേറിയേറ്റിൽ വീണ്ടും പരിചിന്തനം ചെയ്തു രൂപീകരിക്കപ്പെടുന്നു എന്നാണ്. ഈ സ്ഥാനങ്ങളിൽ ഒന്നിലുംതന്നെ ഈ വമ്പിച്ച സമുദായത്തിൽനിന്ന ആരുംതന്നെയില്ല.

MR. PUTHUPALLI S. KRISHNA PILLAI : ഹൈക്കോടതിയിലെ ഇപ്പോഴത്തെ മേലദ്ധ്യക്ഷൻ ആരാണ്?

MR. THARIATHU KUNJITHOMMEN : അതു ലീഗൽ റിമംബ്രൻസർക്കു തന്നെ അറിയാമല്ലോ. ഒരുദ്യോഗസ്ഥനെ സ്ഥലംമാറ്റാൻക്കൂടി തനിച്ചു അധികാരം ഇല്ലാത്ത ചീഫ് ജസ്റ്റിസ് ജുഡീഷ്യൽ വകുപ്പിൻെറ മേലദ്ധ്യക്ഷനല്ല. അദ്ധ്യക്ഷത ഹംബഞ്ചിനാണ്.

MR. PUTHUPALLI S. KRISHNA PILLAI : ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരില്ലാ എന്നു മെമ്പർ പറഞ്ഞതുകൊണ്ടു ഹൈക്കോടതിയിലെ മേലദ്ധ്യക്ഷൻ ആരാണെന്നു അറിയാമോ എന്നു ചോദിച്ചതേയുള്ളു.

MR. THARIATHU KUNJITHOMMEN : എനിക്കു പരിമിതമായ സമയമേയുള്ളു. അതുകൊണ്ടു ചോദ്യമെല്ലാം ഒടുവിൽ ചോദിക്കണം. ഇവിടത്തെ വമ്പിച്ച ജനവിഭാഗങ്ങളായ ഈഴവരിൽനിന്നും സുറിയാനിക്കത്തോലിക്കരിൽനിന്നും ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്മാരില്ല.

MR. M. SIVATHANU PILLAI : സർ, ഈഴവരെപ്പറ്റി പറയാൻ മി. കുഞ്ഞിത്തൊമ്മനു അവകാശമുണ്ടോ?

PRESIDENT : Order, Order. Each honourable member of this house is the custodian of the rights and privileges of everybody in the State.

MR. THARIATHU KUNJITHOMMEN: എൻെറ നിയോജകമണ്ഡലത്തിലുള്ള ഈഴവവോട്ടർമാരും ചേർന്നാണ് എന്നെ ഇങ്ങോട്ടു അയച്ചതു. അതുകൊണ്ടു അവരുടെ കാര്യവും പറയുവാൻ എനിക്കു പ്രത്യേക ചുമതലയുണ്ടു. ഞാൻ രാജ്യക്ഷമത്തെ മുൻനിറുത്തിയാണു എപ്പോഴും സംസാരിക്കാറുള്ളതു. രാജ്യത്തിൻെറ ഏതുഭാഗത്താണോ ഗവണ്മെൻറിൻെറ ശ്രദ്ധ പതിയാതിരിക്കുന്നതു, ആ ഭാഗത്തേക്കും, ഏതു ജനവി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tharithu Kunjuthommen.]

ഭാഗത്തിന്റെ സംഗതിയിലാണോ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയേണ്ടതു്, ആ ജനവിഭാഗത്തിലേക്കും ഗവണ്മെന്റിന്റെ ശ്രദ്ധയെ തിരിച്ചുവിടേണ്ടതു് ഓരോ പ്രതിനിധിയുടേയും കടമയാണു്. എനിക്കോ എന്റെ ചാച്ച്ക്കാക്കോ ഉദ്യോഗത്തിനല്ല ഞാൻ വാദിക്കുന്നതു്.

സർ, ഈഴവസമുദായത്തിന്റെ സ്ഥിതി പബ്ലിക്ക സർവീസ് സംബന്ധിച്ചിടത്തോളം പൊതുവിലും വളരെ പരിതാപകരമാണു്. ഇവിടത്തെ എയ്ഡഡ് സ്കൂളുകൾക്കു നാമമാത്രമായ ഗ്രാന്റു ഗവണ്മെന്റിൽനിന്നും കൊടുക്കുന്നുള്ളൂ. എങ്കിലും ഉദ്യോഗനിയമനവിഷയത്തിൽ അവർ എല്ലാ സമുദായങ്ങളോടും നീതി പ്രവർത്തിച്ചു മാതൃക കാണിച്ചിട്ടുണ്ടു്. എയിഡഡ് സ്കൂളുകളിൽ ഈഴവർക്കു ൧൦൦-ത്തിൽ അധികം ഉദ്യോഗംഉണ്ടു്. ഗവണ്മെന്റിന്റെ സകല വകുപ്പുകളിലുംകൂടി ഈഴവർക്കു ഇതിന്റെ മുക്കാൽപങ്കുപോലും ഉദ്യോഗം ഇല്ല എന്നു പബ്ലിക്ക സർവീസു് കമ്മീഷൻ റിപ്പോർട്ടിലെ കണക്കുകൊണ്ടു കാണാം. ഇതുപോലെതന്നെയാണു് മറ്റേതാരോ സമുദായത്തിനും എയ്ഡഡ് സ്കൂളുകളിൽ ഉള്ള പ്രാതിനിധ്യം. ചില സമുദായക്കാർക്കാണു് സ്കൂളുകൾ അധികമെങ്കിലും എല്ലാ സമുദായക്കാർക്കും നിയമനങ്ങളിൽ ന്യായം ലഭിക്കുന്നുണ്ടെന്നു എഡ്യൂക്കേഷൻ റിപ്പോർട്ടു നൂറാറുപത്തേഴാം പേജിലെ പട്ടികയിൽനിന്നുകാണാം. ഷാർട്ടുവേക്കൻസിയിൽപോലും നിയമനങ്ങളിൽ ഇതരസമുദായങ്ങളോടു നീതി പ്രവർത്തിച്ചിട്ടുള്ള രണ്ടുദ്യോഗസ്ഥന്മാരെയെങ്കിലും ചൂണ്ടികാണിച്ചുതരാൻ എന്റെ ഇവിടെയുള്ള സ്നേഹിതന്മാരിൽ ആർക്കും സാധിക്കുമെന്നു തോന്നുന്നില്ല.

MR. K. R. NARAYANAN : ഷാർട്ടു വേക്കൻസികളിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ നീതി കാണിച്ചിട്ടുണ്ടോ?

MR. THARIATHU KUNJITHOMMEN: ഇല്ല. വിദേശികളായ ഉദ്യോഗസ്ഥന്മാരിൽ ചിലർക്കു ചില സമുദായക്കാരെ തന്നെ നിയമിക്കണമെന്നു ഉദ്ദേശമില്ല. എന്നാൽ അവരേയും അവരുടെ ഡിപ്പാർട്ടുമെന്റിലെ മാനേജർമാരും ഹെഡു ക്ലാർക്കുമാരും വഴിതെറ്റിക്കുന്നുണ്ടു്. കണക്കുകൊണ്ടു വെളിപ്പെടുത്താവുന്ന ഉദ്യോഗനിയമനങ്ങളിൽ ഇത്ര പക്ഷപാതവും അനീതിയും പ്രവർത്തിക്കുമ്പോൾ കണക്കുകൊണ്ടു വെളിപ്പെടുത്താൻ നിവർത്തിയില്ലാത്ത മറ്റു ഔദ്യോഗികകൃത്യങ്ങളിൽ അവർ എത്രമാത്രം അനീതി കാണിക്കുന്നുണ്ടായിരിക്കണം അനീതിയും പക്ഷപാതവും കാണിക്കുന്നവരെ കർശനമായി ശിക്ഷിക്കുകതന്നെവേണം. ഞാൻ വിദ്വേഷബുദ്ധികൊണ്ടു പറയുകയല്ല. രാജ്യത്തു നീതിയും സമാധാനവും

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കുവാൻവേണ്ടി പറയുകയാണ്. കൊല്ലം ഡിവിഷനിൽ പൊതു മരാമത്തുവകുപ്പിൽ ഇരുനൂറിൽപരം മേസ്തിരിമാരുള്ളതിൽ തൊണ്ണൂറാ യാറു ക്രസ്ത്യാനികളും ഉണ്ടെങ്കിലും സുറിയാനി കത്തോലിക്കർ ഇതിൽ രണ്ടുപേർ മാത്രമാണ്. അതുപോലെതന്നെ പൊലീസ് ഡിപ്പാർട്ടമെ ന്റിൽ അനുനൂറിൽപരം നിയമനങ്ങൾ നടത്തിയിട്ടുള്ളതിൽ സിറിയൻ കത്തോലിക്കരിൽനിന്ന ആറുപേരേയുള്ളു. ഇതു ഇവിടെവച്ചിട്ടുള്ള പട്ടികകളിൽ കാണുന്നതാണ്. പുതിയ നിയമനങ്ങളിലെങ്കിലും അസ മത്വമനുഭവിക്കുന്ന സമുദായക്കാർക്ക് അവരുടെ പങ്കു കൊടുത്തില്ലെങ്കിൽ എന്നാണു അവർക്ക് മറ്റുള്ളവരോടു തുല്യമായ നിലകിട്ടുന്നതു്. അതു കൊണ്ട് എല്ലാ കാര്യങ്ങളിലും ബുദ്ധിപൂർവം പ്രവർത്തിച്ച് ജനക്ഷേമത്തെ പരിരക്ഷിച്ചുകൊണ്ടിരിക്കുന്ന അനന്യസാധാരണമായ പ്രതിഭാവിലാസ മുള്ള സചിവോത്തമൻതന്നെ ഈ കാര്യത്തിലും നേരിട്ടുവേണ്ടതു പ്രവർ ത്തിച്ചാലേ അസമത്വസമുദായത്തിനു നീതിയും ന്യായവും ലഭിക്ക യുള്ളൂ.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും ഗവണ്മെൻറിന്റെ ശ്രദ്ധ ഒരുപോലെ പതിയേണ്ടതാണല്ലോ. ഇക്കാര്യത്തിൽ ഗവണ്മെൻറു ഇനിയും കൂടുതലായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉത്തരതിരുവിതാംകൂ റിലേക്കു ട്രാൻസ്പോർട്ടുസർവീസ് ഉടനെ നടത്തണം. ഇന്നത്തെ ട്രാൻ സ്പോർട്ടുഡയറക്ടരുടെ സാമർത്ഥ്യത്തെ ഞാൻ അപലപിക്കുന്നില്ല. എന്നാൽ അദ്ദേഹം വാങ്ങിക്കുന്ന വമ്പിച്ച ശമ്പളത്തിനു തക്കവണ്ണമുള്ള 'ജോലി' അദ്ദേഹത്തിനില്ല. ഇപ്പോഴത്തെ രീതിയിൽ പരിമിതമായ തോതിൽ ട്രാൻസ്പോർട്ടുസർവീസു് നടത്താൻ മുന്നൂറോ നാന്നൂറോ രൂപാ ശമ്പളത്തിൽ ഒരാൾ മതിയാകും. ആയിരത്തിലധികം രൂപാ ഇപ്പോൾ അദ്ദേഹത്തിനു ശമ്പളംകൊടുക്കുന്ന സ്ഥിതിക്ക് ട്രാൻസ്പോർട്ടു സർവീസ് രാജ്യമൊട്ടുക്കു വലിയ ലൈനുകളിലെല്ലാം നടപ്പാക്കണം. ഉത്തരതിരുവിതാംകൂറിൽനിന്ന ഡിപ്പാർട്ടമെൻറധ്യക്ഷന്മാരുടെ ആഫീ സുകളിലും ഹൈക്കോടതി, ഹജൂർകച്ചേരി എന്നീ സ്ഥാനങ്ങളിലും എത്തു വാൻ അനവധി ജനങ്ങൾക്കു ഇങ്ങോട്ടു വരേണ്ടിയിരിക്കുന്നു. ട്രാൻസ് പോർട്ടുബസ്സുകളിൽ സഞ്ചരിക്കുന്നതു് ക്ലേശകരമാണെങ്കിലും സമയ ത്തിനു ക്ലിപ്തമുണ്ട്. കൺഡക്ടർമാരും മറ്റും കൂടുതൽ മര്യാദയായി പെരുമാറുന്നുണ്ട്. വല്ല സാമാനവുംവച്ചു മറന്നുപോയാൽ അതു തിരിയെ അന്വേഷിച്ചു് ഉടമസ്ഥർക്കു കൊടുക്കുന്നുമുണ്ട്. ഇക്കാര്യങ്ങളിൽ പ്രൈ വറ്റു സർവീസുകാർക്ക് പലർക്കും വേണ്ട നിഷ്കർഷയില്ല. റയിൽവേ ഉള്ള പെങ്കോട്ടയ്ക്കു പാരലലായി ലയിൻ നീട്ടിയതിനേക്കാൾ അത്യാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen.]

ഉത്തരതിരുവിതാംക്കൂറിലേക്കു നീട്ടേണ്ടതിനായിരുന്നു. ഏതായാലും ഇനിയെങ്കിലും താമസിയാതെ ട്രാൻസ്പോർട്ട് സർവീസ് ഉത്തരതിരുവിതാംക്കൂറിലേക്കു നീട്ടണമെന്ന് ഞാൻ വീണ്ടും ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു. വർഷമധികമുള്ളതിനാൽ ഉത്തരതിരുവിതാംക്കൂറിലെ റോഡുകളും ദക്ഷിണതിരുവിതാംക്കൂറിലെ റോഡിനേക്കാളും ചെളിയും കുഴിയും നിറഞ്ഞതാണ്. അതുകൊണ്ട് മെയിൻറോഡ് വടക്കേഅറ്റംവരെ നാഗർകോവിൽ റോഡുപോലെ കാൺക്രീറു ചെയ്യണം. കൊല്ലത്തും തിരുവനന്തപുരത്തും ഉള്ള നിലയിൽ സ്ട്രീകളും കുഞ്ഞുങ്ങളുമുള്ള ഒരാളുപതി കോട്ടയംഡിവിഷൻറെ മദ്ധ്യത്തിൽ സ്ഥാപിച്ചു തരണം. മന്നാം കണ്ടം എന്നസ്ഥലം ലേലത്തിൽ വിറ്റവകയിൽ ഗവണ്മെൻറിന് പല ലക്ഷം രൂപാ ലഭിച്ചു. എന്നാൽ ഇപ്പോൾ അവിടെ ആൾക്കുംപോയി കൃഷി ചെയ്യാൻ സാധിക്കാത്തവണ്ണം അവിടം ഒരു മലേറിയാ കേന്ദ്രമായിത്തീർന്നിരിക്കുന്നു. അനവധിയാളുകൾക്കും മലേറിയാ പിടിപെട്ട് റോഡരികിലും മറ്റും മരിച്ചുകിടക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. എന്നിട്ടും അവിടെ ഒരു ഡിസ്പെൻസറി ഇതുവരെ തുറന്നിട്ടില്ല. മലമ്പനി പിടിപെട്ട് ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെപ്പറ്റി ഞാൻ പേഷ്കാരെ നേരിട്ടു കണ്ടു അറിയിക്കയും അദ്ദേഹം വേണ്ട നടപടി നടത്താമെന്നു പറയുകയും ചെയ്തു. ഈ സംഗതിക്കു ഒരടിയന്തിരപ്രമേയം അവതരിപ്പിച്ചാൽ ബഡ്ജറു കാര്യങ്ങൾക്കുള്ള സമയം നഷ്ടപ്പെടുമല്ലോ. ഞാൻ ഒരു സാധാരണ പ്രമേയം ഈ വിഷയത്തെ സംബന്ധിച്ച് അയച്ചിട്ടുണ്ട്. അതു ബാലറിൽ കിട്ടുമോ എന്നു അറിവാൻ പാടില്ല. ഏതായാലും ഗവണ്മെൻറ് ഈ കാര്യത്തിൽ ഉടനടി ശ്രദ്ധിച്ച് ഡിസ്പെൻസറി നടപ്പിലാക്കണം. പ്രാദേശികസംഗതികൾ അപ്പഴപ്പോൾ അസംബ്ലി മുഖേനയും കൌൺസിൽ മുഖേനയും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടാണ് ഇരിക്കുന്നതു. പകൃതികൾ തോറും വില്ലേജ് യൂണിയൻ ഏർപ്പെടുത്തിയാൽ അതുവഴി ഗ്രാമങ്ങളിൽ ആവശ്യമുള്ള സംഗതികളെപ്പറ്റി ഗവണ്മെൻറിന് ശരിയായ അറിവു കിട്ടാൻ സാധിക്കും. ഈ ഉദ്ദേശത്തോടുകൂടി സ്ഥാപിക്കപ്പെട്ടിട്ടുള്ള പല യൂണിയനുകളും രണ്ടുകൊല്ലമായി പ്രവർത്തനമില്ലാതെ നിർജ്ജീവാവസ്ഥയിൽ കിടക്കുന്നു. കോതമംഗലത്തെ യൂണിയൻ ഇതിനുദാഹരണമാണ്. വില്ലേജുകളിൽ താമസിക്കുന്നവർ അധികവും കർഷകരാണ്. വില്ലേജ് യൂണിയൻകൊണ്ട് വളരെ ഗുണമുണ്ടാകും. ഗവണ്മെൻറ് വേണ്ടതു ചെയ്യാത്തതുകൊണ്ടു മാത്രമാണ് യൂണിയനുകളെല്ലാം നിർജ്ജീവാവസ്ഥയിൽ കിടക്കുന്നതു. അസംബ്ലിയിലും കൌൺസിലിലും കാസ്റ്റവാർസ്റ്റേറു

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് അവശ്യപ്പെട്ടുകൊണ്ടുള്ള ചോദ്യങ്ങൾ ധാരാളം വരുന്നുണ്ട്. കപാർട്ടർലി സിവിൾലിസ്റ്റിൽ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ പട്ടിക ചേർക്കുന്നതുപോലെ സമുദായവും ചേർത്താൽ ഈ ചോദ്യം ക്ലേശമെന്നു കഴിയാം. കൊല്ലംതോറും ഓരോ വകുപ്പിലുമുള്ള മൊത്തം ഉദ്യോഗസ്ഥന്മാരുടെ സമുദായവിവരപ്പട്ടിക ഗവണ്മെൻറ് ഡയറക്ടറിയിലും ചേർക്കണം. ഇങ്ങനെ ചെയ്താൽ പബ്ലിക്ക് സർവീസ് കമ്മീഷണരുടെ നിയമനംകൊണ്ടുംമറും അസമത്വം നടുന്നുണ്ടോ എന്നും ഓരോ സമുദായങ്ങൾക്കും കിട്ടേണ്ട അവകാശങ്ങൾ കിട്ടിവരുന്നുണ്ടോ എന്നൊക്കെ പൊതുജനങ്ങൾ അപ്പഴപ്പോൾ മനസ്സിലാക്കും. ഔഷധംകൊണ്ട് രോഗം സുഖപ്പെടുന്നുണ്ടോ എന്നറിഞ്ഞ് ഔഷധം മാറുന്നതുപോലെ പബ്ലിക്ക് സർവ്വീസ് കമ്മിഷണരുടെ പ്രവർത്തനംകൊണ്ട് അസമത്വം നീങ്ങുന്നുണ്ടോ എന്നറിഞ്ഞ് പ്രവർത്തനത്തിൽ വേണ്ട വ്യത്യാസം വരുത്തുവാൻ സൗകര്യം കിട്ടണം. സമുദായം തിരിച്ചുള്ള ചോദ്യങ്ങൾ അവർത്തിച്ചു ചോദിക്കേണ്ടിവരുന്നതിൽ ഞങ്ങൾക്കുതന്നെ വിഷമമുണ്ട്. ഇപ്പോൾ അതുക്കൂടാതെ കാര്യം അറിവാൻ മാർഗ്ഗമില്ല. ഈ വക സംഗതികളിലെല്ലാം ഗവണ്മെൻറിൻെറ ശ്രദ്ധ പതിയണമെന്നു ഉൽബോധിപ്പിച്ചുകൊണ്ട് വിരമിച്ചുകൊള്ളുന്നു.

MR. KAINIKKARA M. PADMANABHA PILLAI: Sir, in your speech at the joint sitting of the two Houses, you placed before us a long array of very serious matters of which, for more reasons than one, your statement about the constitutional reforms in the State appears to me to have an especial significance. On any occasion that statement would have been of immense significance. But coming as it does at a time when there is no political agitation in this country, spontaneously and without any direct or indirect external persuasion, at a time when the experiment at Responsible Government in the neighbouring State seems to be groping in a sort of *cul de sac*, and in the presence of the Resident and the Political Adviser to His Excellency the Viceroy I feel that this pronouncement has an exceptional significance. Therefore, Sir, I crave your indulgence and the indulgence of the House to speak a few words on this subject especially in the light of the concluding sentence of yours, viz., that Government are engaged in thinking over and discussing plans for that purpose.

Much water has flowed under the bridge after the adjournment motion on Responsible Government was moved in this Assembly. That necessitated a full explanation of the constitutional position, and you did it with characteristic thoroughness and you brought to bear on it the full force of your legal, political and administrative knowledge and experience that it had its echoes in all important quarters and has become a matter of historic importance.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kainikkara M. Padmanabha Pillai.]

The adjournment motion was not only sensational in itself but was the beginning of a series of unpleasant sensations. It was a sort of prologue to an ugly political drama, the like of which we had not witnessed till then in this country, and we hope we shall not have the misfortune to witness again. In the heat and hurry of that agitation, the meeting ground was easily missed. The agitators pitched their cry as high as possible. The Government, and you as their spokesman, had repeatedly to stress the difficulties in the way. The circumstances were such that every thing tended to widen the cleavage and among those that had not the chance of knowing the workings of your mind at close quarters, a feeling spread that you were antagonistic to popular aspirations. Now, this statement, Sir, especially as it comes when the thunder and lightening are not only over but forgotten, helps to clarify the position immensely.

Those who had the privilege of knowing your real opinion in this matter have had no misgivings at any time. Even those who had not that chance but had the good sense to view things and persons dispassionately felt that you would never be against popular aspirations either in your official or personal capacity. Officially you had to carry out the wishes of His Highness the Maharaja, whose very ascension to the throne was the signal for wide constitutional reforms. Speaking personally the important part you have played in British Indian politics your stout championing of Indian national ideals are too well known. Anyhow this statement has helped to make the position once for all clear. You have now told us in unmistakable terms that not only is His Highness' Government not opposed to the political aspirations of the people but that the Travancore Government will be behind no other in securing the advice and effective co-operation of the people in the daily task of administration. You have told us that the real objection is against the formation of an Executive removable by the Legislature, because it will be incompatible with the relations and obligations of the Ruler with the Paramount Power. Our sincere thanks are due to you Sir, for clarifying the position and generously offering a meeting point between the people and the Government in this matter of constitutional progress.

The demand for the establishment of Responsible Government in this country is no new thing. It is not a surprise either. The seed of Responsible Government was voluntarily sown in this country more than half a century ago by the sacred hand of our Ruler. The popular element in the administration steadily and gradually developed and it has blossomed into the present bicameral legislature to which we have the honour to belong. The people of this country therefore have had practical training in popular administration for more than half a century. In education we stand in the forefront of all Indian states and provinces. An educated and civilised people with a long experience in popular Government and found fit to carry on the duties and responsibilities entrusted to them would naturally ask for more power and responsibility. Speaking for myself, in spite of what ever history might

LIBRARY ARCHIVES Kerala Legislative Assembly

have to teach us about the melancholy fate of democracies, ancient and modern, in spite of the fact that dictatorship might be advisable or even necessary during times of national crises, in spite even of the fact that at the present moment political theories and doctrines are in the melting pot, I am old-fashioned enough to continue to hug, it may be the illusion—it may even be the vanishing illusion of democracy. Nor am I prepared to subscribe to that political ultra rationalism which seeks a sort of iconoclastic satisfaction in saying that the seven Congress ministries in British India were drinking the life blood of minorities and which would not hesitate to condemn a gentleman of such unimpeachable character as Sjt. C. Rajagopalachariar as having been a party to that exploitation and paint Jinnahs and Ambedkars as its innocent victims. We studied democracy in our schools. We practiced democracy in our political life. We loved domocracy, we desired democracy and I am sure that the politically conscious section in this country still desire it.

Even during the discussion of the adjournment motion I have referred to above, you explained to us in detail that the establishment of Responsible Government in an Indian State would come into conflict with the relations of the Ruler with the Paramount Power. One can easily imagine a hundred such situations. All those statesmen and administrators who tried to controvert you on that occassion have been one by one converted to your view and now it has been admitted in all parts that your position is the correct one. From the point of view of constitutional law, your position is unassailable. But, Sir, you are as good a politician as a lawyer and I hope that the politician in you would admit that constitutional law is not the sum total of or identical with political life, therefore if there are legal difficulties, we would request you that with your wonderful legal genius, which in the Periyar case separated the water from the fall, matter from energy—a genius equalled only by the famous Shakespearean Heroine who effected a dramatic separation between flesh and blood,—I would request you, Sir, that with the help of that wonderful legal genius you should lead us beyond those legal difficulties to our dear political goal.

With the present statement, even that difficulty has vanished. It is true that when we talk of Responsible Government we have in our mind an Executive removable by the vote of the Legislature. But now that you have told us that the real objection is against the removability of the Executive, I find absolutely no reason why the Government and the people cannot agree in the matter of constitutional reforms. A removable Executive is by no means an invariable adjunct of democracy. It were so and if the irremovability of the executive was a negation of Responsible Government, then the greatest democracy in the world, I mean United States of America, would cease to be a democracy.

Sir, you have expressed your approbation of the work done by the departmental committees. I am a member of one of those committees

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kainikkara M. Padmanabha Pillai.]

and I will be the last person to disparage the working of the committees. But I may mention one point. The moment you call a committee advisory, it loses its life. For if there is one thing that is wanted least in the world, one thing of which there is a plethora in the world, it is advice. I believe Sir that the world has never suffered for want of advice and it has very seldom banefitted by it. I do not think I have benefitted by one hundredth of the advice I have received and that one hundredth of the advice I have given has benefitted anybody in the world. The moment you call a committee advisory, it is robbing it of its life. It has already been given a bad name, it remains only to be shot. Therefore, Sir, what I would suggest is that instead of forming advisory committees, committees must be formed to do things. Another suggestion that I would make is that instead of forming separate departmental committees, let one central committee be framed under the presidentship of the Dewan and let that committee as and when necessary divide itself into separate departmental sub-committees. The central committee must be presided over by the Dewan and the sub-committees must be presided over by non-officials. But these are details and I do not wish to enter into details now. It will be time to think of those details during the discussions implied in the concluding sentence of your statement.

Sir, I sincerely believe that this significant statement of yours opens a new and beautiful vista; it opens a peaceful and friendly path towards the realisation of the reasonable political aspirations of the people. With the ennobling inspiration of an enlightened Mother with the unerring advice of a trusted Minister our beloved Maharaja, in a supreme moment, embodying in himself the highest and the noblest ideals and traditions of the Hindu kinghood, put the signature to the Temple Entry Proclamation and it has been rightly called the social *magna carta* of the people of Travancore. I have always believed that under the same inspiration and with the same advice, the same noble and glorious hand will put the signature to what will be called the political *magna carta* of the people of Travancore. And your statement gives me the hope that that supreme moment is not far off.

MR. MURUKUMPUZHA V. KUNJUKRISHNAN: I have very great pleasure to endorse the views of the honourable members who have praised the Financial Secretary. I also congratulate the Financial Secretary for having given us the financial position in so useful and comprehensive a manner and also for having given us a surplus Budget. At this juncture I feel it my duty to express a word of gratefulness to Mr. Sundararajan who was our Finance Secretary last year. For, I believe, it was he who gave a re-orientation to the mode of budgeting and his effort has been accomplished now. Last year when the Budget was presented in its correct form, it appeared to us rather new. The atmosphere then was quite different It seemed as if he was teaching us some fundamentals of accounting then. Anyhow, I am glad that the present Financial Secretary has successfully followed the method that has been enunciated by his learned predecessor,

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT : At this stage I must indicate to the House where the matter stands. I propose to give opportunity for three official members to reply and they will take about 45 minutes. I shall also make a few concluding remarks which will occupy about 20 minutes. Deducting that time, there are about 50 minutes more for honourable members to utilise for their remarks. As there are some more honourable members who desire to speak now, I request the honourable members to be as brief as possible in their remarks.

MR. MURUKUMPUZHA V. KUNJUKRISHNAN : Sir, I have very great pleasure to congratulate the Finance Secretary on the method he had now given us and also for having given us a clear exposition of the statement of receipt and expenditure for the coming year. Now, Sir, we are given a surplus Budget. As suggested by my friend Mr. T. P Velayudhan Pillai, we need not be carried away by the nomenclature 'surplus' given here. Whether the Budget is a surplus or deficit one does not matter much. We find from the actuals of this year that there would be a surplus of Rs. 12 lakhs and on the expenditure side about Rs. 9 lakhs is put in. We are told that there is a saving of Rs. 5 lakhs and this amount when taken along with the additional amount realised by way of enhancement of tax on cardamom and rubber and other materials and also with the income of Rs. 4 lakhs from the railway, my submission is that the surplus is only very little. For next year also we are told that our revenue will rise up to Rs. 280 lakhs and the expenditure will be to the extent of Rs. 279 lakhs, leaving a margin of Rs. 1.5 lakhs as a surplus. As stated before, our budgetry position for the next year is going to be a surplus one. Apart from that we need not be worried about the surplus or deficit nature of the budget. We know Sir that we are passing through a difficult crisis. There is the economic depression ; there is the international situation which affects all our sources of revenue. Therefore, for the next year whether you get a surplus or deficit it does not matter much. My submission is that our financial position taken as a whole is quite sound and therefore we need not be afraid of our receipt side or the expenditure side. Let us boldly face the situation. I say this because my own fear is whether the amounts stipulated on the receipt sides will be realised at all. From the figures now before us, even under abkari, we expect an increase in revenue. The reason given is somewhat surprising and I do not know how that will materialise. In view of the fact that there was cyclone and floods in North Travancore and in view of the existing unemployment problem, question of remission of tax would naturally arise. Again under stamps although the revised estimate has fallen down, still an improvement is expected during the coming year. The P. W. D. expects a fall in the amount under tolls. The reason given is that in the auction conducted during the previous year, the bid amount was for a reduced figure. There also the expectation of the Finance Secretary is doubtful of realisation. In regard to forest revenue, I have to say a word. I have a very great pleasure to congratulate the Conservator in that he is going to tap hidden resources. From the figures we find that there are some unexpected sources of

LIBRARY ARCHIVES Kerala Legislative Assembly

revenue to be tapped. There are, for example the Veli, and Oozhur plantations and also about 75 thousand cubic foot of blackwood that are now available in the forest areas. I am afraid the amount realised under this head will be low. I suggest that the head of the Forest Department will proceed very cautiously to tap the resources referred to. Under Registration also some increase is expected, the reason being that the number of documents registered is far in excess of the previous year. During the second half of this year, there was an increase in the number of documents registered due to the Debt Relief Act and payments governed by it. Payments were made in instalments. There is likely to be a fall in the number of documents the next year. So the anticipations are doubtful of realisation. I am saying all this just to convince the House that our revenue realisations may not be realised to the degree that is wanted by the Finance Secretary. Whatever that may be, I am glad that Government have without resorting to additional taxation fixed upon certain definite sources of revenue. They have enhanced the duty on rubber and tea.

Coming to the expenditure side, I am glad to find that Government have been trying their level best to bring down their expenditure as low as possible. The ensuing year, under Devaswoms, there is the Murajapom ceremony coming and a huge amount has to be spent towards that item. There are also certain other items which we cannot postpone. As I explained once before, I do not think it will be possible for Government to effect any considerable saving as anticipated in the coming year.

I do not think it will be possible for Government to effect any considerable saving on the expenditure side. Whatever it be, I am glad to note that at the expenditure side of the collection service, although the amount on that head when taken as a whole will appear to be huge, the percentage is coming down. It will be noted with gratification that the percentage of expenditure on the collection side which was even greater has now come down to 34.7 per cent. That is a very gratifying feature for which you, Sir, have to be congratulated and if that position is maintained in future also, I think the complaint that a large amount is spent on establishment and other items will not be repeated in future.

Similarly another redeeming feature which I find in the Budget is that on the expenditure side of development service, the expenditure of 38.2 per cent has now come down to 34 per cent. That also is a very great improvement and the percentage is coming down. Considering all these, I wish just to point out that if this method of cutting down expenditure is maintained, after some time, that is after the war is over, we will not feel the after-effects of the war to any appreciable extent. As pointed out by some other honourable members, a very difficult situation may arise after the war. My submission is that this method of cutting down expenditure should go on in future years also.

LIBRARY ARCHIVES Kerala Legislative Assembly

I wish to draw the serious attention of Government to another very important item. Under Water Works and Drainage, on the receipt side, an amount of Rs. 2.15 lakhs is given. Of this Rs. 1.25 lakhs is the contribution of the Trivandrum Corporation towards the water supply scheme. The Corporation is collecting water cess from the people. Rs. 1.25 lakhs is expected under Water Works and Rs. 7.5 lakhs from Drainage contribution. In view of the very poor purse of the Trivandrum Corporation, if the Government insist upon this contribution, it will be very hard for the Corporation to go on. That is a matter which has to be viewed with very great sympathy by the Government.

There is one other point on which I wish to speak. The question of handloom is a very difficult problem that has to be taken up by the Government. I am glad that so far as the sale of yarn is concerned, their prices have been definitely fixed by the Government so that the poor weavers may not suffer from profiteers. I am afraid the yarn markets at Quilon and Balaramapuram are dull as a result of the Government order. The wholesale yarn dealers there refuse to sell because the Government have fixed the price of yarn. I brought this matter to the notice of the Inspector-General of Police. Even yesterday I received complaints in that direction. Even to-day also complaints are coming up from Quilon that the dealers refuse to sell their yarn.

PRESIDENT: It has been pointed out that the prices that have been fixed by the Government are, according to the allegations of the middlemen in yarn sale, lower than the price now prevailing in Madura and elsewhere. That matter is engaging the attention of Government.

MR. MURUKUMPUZHA V. KUNJUKRISHNAN: Government must take early steps so that yarn is made available at reasonable rates in Travancore so that the weavers may not suffer from these profiteers or agents. I am glad to note that the matter is engaging the serious attention of Government.

MR. KAVIYOOR K. K. KOCHUKUNJU: സർ, ധനകാര്യദർശിയുടെ ബഡ്ജറിനെ ഞാൻ സസന്തോഷം സ്വാഗതം ചെയ്യുന്നു. സാമ്പത്തികവൈഷമ്യംനിമിത്തം ലോകമൊട്ടാകെ ഭരന്തരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇന്നാട്ടിലെ ജനങ്ങളുടെ സ്ഥിതിഗതികളെക്കുറിച്ചു സൂക്ഷ്മനിരീക്ഷണം ചെയ്തു നവീനമായി യാതൊരു നികുതിയും ജനങ്ങളുടെ മേൽ ചുമത്താതെ ഭരിതനിവാരണത്തിനും അവശസമുദായസംരക്ഷണം ആദിയായി രാജ്യക്ഷേമതരങ്ങളായ മറ്റു പലതിനും പ്രത്യേകം പ്രത്യേകം സംഖ്യകളും നിർദ്ദേശിച്ചു അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറു് ആദരണീയവും അഭിനന്ദനാർഹവുമാണെന്നു പറയുവാൻ എനിക്കതിയായ സന്തോഷമുണ്ടു്. ഈ ബഡ്ജറിന്റെ ദോഷഗുണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochukunju]

ങ്ങളെ പരാമർശിച്ചുകൊണ്ട് ഇവിടെ പല മാന്യന്മാരും പ്രസംഗിച്ചു കഴിഞ്ഞു. ഇനിയുമിതിനെക്കുറിച്ചു വീണ്ടുംവീണ്ടുമൊരു നിരൂപണം ചെയ്യേണ്ട ആവശ്യമുള്ളതായി എനിക്കു തോന്നുന്നില്ല. കാരണം, നമ്മുടെ രാജ്യത്തിന്റെ ശ്രേയസ്സുരഭാവിക്കും അഭിമാനസംരക്ഷണത്തിനും അനുയോജ്യമായ എല്ലാ ഭരണകൃത്യങ്ങളും അപഥസഞ്ചരണംകൂടാതെ നടത്താനുള്ള കഴിവും ഹൃദയംനിറഞ്ഞു കരകവിഞ്ഞൊഴുകുന്ന സന്മനസ്സുമുള്ള ഒരു ദിവാൻജിയെയാണ് ഭാഗ്യവശാൽ ഇന്നു വഞ്ചിരാജ്യത്തിനു ലഭിച്ചിട്ടുള്ളതു്. അതിനാൽ വഞ്ചിരാജ്യത്തിന്റെ അഭിമാനക്ഷയത്തേയോ അഭിവൃദ്ധിക്ഷയത്തേയോ കുറിച്ചു യാതൊരു ആശങ്കക്കും വകയില്ലാ എന്നാണ് എന്റെ ആത്മാർത്ഥമായ വിശ്വാസം. ഈ ബഡ്ജറിനെ വീണ്ടും ഞാൻ സ്വാഗതം ചെയ്യുന്നതോടുകൂടി ഈ നാട്ടിലെ അവശലക്ഷങ്ങളുടെ ആശാകേന്ദ്രമായിരിക്കുന്ന ദിവാൻ പ്രസിഡൻറവർകളുടേയും ഈ സഭയുടേയും വിലയേറിയ വിചിന്തനത്തിനു ചില സംഗതികൾ വിധേയമാക്കണമെന്നു ഞാൻ വിചാരിക്കുന്നു.

സർ, പ്രജാസഞ്ചയത്തിന്റെ സമാധാനവും സംതൃപ്തിയും രാജ്യക്ഷേമത്തിനും രാജ്യാഭിമാനസംരക്ഷണത്തിനും നിദാനമായിട്ടുള്ളതാണല്ലോ. ഇപ്രകാരമിരിക്കെ ഇവിടെ ചില സമുദായങ്ങൾ സർവ്വ കാര്യങ്ങളിലും സംതൃപ്തരായി കഴിഞ്ഞുകൂടുകയും അതേസമയം മറുചില സമുദായങ്ങൾ ഇതുകളെല്ലാം ഹൃദയവേദനയോടുകൂടി കണ്ടുകൊണ്ട് ഒരുവക മിണ്ടാപ്രാണികളെപ്പോലെ നിരാശരായി ജീവിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള സമുദായങ്ങളുടെ ദുഃസ്ഥിതിയെക്കുറിച്ചു ദയാപൂർവ്വം ആരായുകയും അവരുടെ ഉൽക്കർഷത്തിനു നിദാനമായ എല്ലാ സാഹചര്യങ്ങളും പ്രോത്സാഹനങ്ങളും ചെയ്തു സഹായിക്കയെന്നതു അധികാരവും ചുമതലയുമുള്ളവരുടെ കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു. പതിവുപോലെ ഈ ബഡ്ജറിലും അവശസമുദായസംരക്ഷണത്തിനു ഒരു ഗണ്യമായ തുക ഗവണ്മെൻറു നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടുത്തെ അവശസമുദായങ്ങളെ സംസ്കാരമുള്ളവരാക്കി പ്രബുദ്ധരാക്കിത്തീർക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടി ബഃ ഗവണ്മെൻറു കരുണാപൂർവം നിർദ്ദേശിച്ചിരിക്കുന്ന ഈ സംഖ്യ പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രജാസഞ്ചയങ്ങളിൽ പെട്ട എല്ലാ അവശസമുദായങ്ങൾക്കും ലഭിക്കുന്നുണ്ടോ എന്നുള്ള സംഗതി ഗവണ്മെൻറു ദയാപൂർവം ചിന്തിക്കണമെന്നു ഈ അവസരത്തിലും ഞാൻ അനുസ്മരിപ്പിക്കുന്നു. അധികാരമുള്ളവർ ഇനിയും ഈ സംഗതി

LIBRARY ARCHIVES Kerala Legislative Assembly

യിൽ മൗനമവലംബിച്ചാൽ സമ്പദ്ഭാവിയിൽതന്നെ നമ്മുടെ നാട്ടിൽ മനുഷ്യമൃഗങ്ങളായ ഒരുക്കൂട്ടം ആളുകളെ കാണുമെന്നു ഞാൻ പറയുന്നില്ല. സംസ്കാരവിഹീനരായി മൃഗതുല്യരായ ഒരുക്കൂട്ടം ജനങ്ങളെ ഇവിടെ കാണാൻ കഴിയുമെന്നു ഞാൻ പറയാതിരിക്കുന്നുമില്ല. ഇതിനുത്തമോദാഹരണം ഇവിടുത്തെ വണ്ണവർ, തണ്ടാൻ, വാണിയൻ, വേളാൻ തുടങ്ങിയ ചില സമുദായങ്ങളാണു. ഫർന്നഫ-ലെ സെൻസസ് റിപ്പോർട്ട് പരിശോധിച്ചാൽ വർണ്ണവസമുദായത്തിന്റെ സാക്ഷരതാ വിദ്യാഭ്യാസത്തിന്റെ ശോച്യാവസ്ഥ ഇതുകൊണ്ട് സവിശേഷം മനസ്സിലാക്കാവുന്നതാണ്. നായർസമുദായത്തോട് ഏതാണ്ടു തുല്യമായ സംസ്കാരമുള്ള വെള്ളത്തേടനായർസമുദായത്തിന്റേയും വർണ്ണവസമുദായത്തിന്റേയും സാക്ഷരതാ ഒന്നിച്ചുചേത്തിരിക്കയാണ്. എന്നാട്ടും ഇവരുടെ ഇംഗ്ലീഷ് സാക്ഷരതാ പതിനായിരത്തിനു മുപ്പത്തൊന്നാവീതമാണുള്ളത്. സ്ത്രീകളുടെ സാക്ഷരതാമോ പതിനായിരത്തിനു രണ്ടാവീതമാണ്. ഇതിൽനിന്നും അരശതമാനംപോലും വർണ്ണവസമുദായത്തിനില്ലാ എന്നു കാണാൻ കഴിയുന്നതാണു. വെള്ളത്തേടനായർസമുദായത്തിന്റെ സാക്ഷരതാ ഇതിൽനിന്നു വേർതിരിക്കുന്നപക്ഷം വണ്ണവരുടെ സാക്ഷരതാ കേവലം പൂജ്യമാണെന്നും കാണാൻ കഴിയുന്നതാണ്. ഇപ്രകാരമിരുന്നിട്ടും ഇവിടെ വിദ്യാഭ്യാസത്തിന്റെ പരമോന്നതശൃംഗത്തിൽ സ്ഥിതിചെയ്യുന്ന ചില സമുദായങ്ങൾ അപേക്ഷ കൊടുത്തു ഫീസു സൗജന്യമനുവദിപ്പിക്കുന്നതുപോലെ പാവപ്പെട്ട വർണ്ണവവിദ്യാർത്ഥികളും ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. അതിനാൽ എനിക്കു ബഃ ഗവണ്മെന്റിനോടു വിനയപൂർവം അറിയിക്കുവാനുള്ളതു് ഒരു നിശ്ചിതകാലത്തേക്കെങ്കിലും വർണ്ണവസമുദായത്തിൽപെട്ട സകല വിദ്യാർത്ഥികൾക്കും സകല സ്കൂളുകളിലും മുഴുവൻഫീസും സൗജന്യം നൽകി ഈ സാധുസമുദായത്തിനു നേരിട്ടിരിക്കുന്ന വിദ്യാഭ്യാസസ്തംഭനത്തിനു പരിഹാരമുണ്ടാക്കണമെന്നുള്ളതാണ്. സമസ്തതിരുവിതാംകൂർ വർണ്ണവസമുദായത്തിന്റെ വാർഷികസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് നീതിജ്ഞനും ദയാലുവുമായ ചീഫ്സെക്രട്ടറി പ്രസംഗിച്ചപ്പോൾ വർണ്ണവസമുദായത്തിന്റെ വിദ്യാഭ്യാസനിലയിലും സാമ്പത്തികനിലയിലും സഹതപിച്ചുകൊണ്ടു പ്രസ്താവിച്ച ഓരോ വാക്കുകളും ഓരോ വർണ്ണവവ്യക്തികളുടേയും ചെവികളിൽ ഒരു വലിയ പ്രത്യാശയോടുകൂടി ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നതു്. അതേ സമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്ന ഈ പാർട്ടി ലീഡറായ കൈനിക്കര പത്മനാഭപിള്ള അവർകൾ വർണ്ണവസമുദായത്തിന്റെ അവാന്തരവിഭാഗങ്ങളെ ഏകീകരിക്കേണ്ട ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochukunju]

കതയും വിദ്യാഭ്യാസത്തിലും സാമ്പത്തികനിലയിലും ഉയരേണ്ട വിധങ്ങളും ദയാപൂർവം പ്രസ്താവിച്ചതു് ഞങ്ങൾ നന്ദിപൂർവം സ്മരിക്കുന്നു.

ഇനിയും എനിക്കു മറവു ഹിന്ദുക്കൾ എന്ന വിഭാഗത്തെപ്പറ്റിയാണു് ചില സംഗതികൾ പറയുവാനുള്ളതു. ഏകദേശം നാല്പതോളം ന്യൂനപക്ഷഹിന്ദുസമുദായങ്ങൾ ചേർന്നിട്ടുള്ളതും ഇപ്പോൾ ഏഴര എട്ടുലക്ഷത്തോളം സംഖ്യാബലമുള്ളതും ആയ ഒരു ഗണ്യജനവിഭാഗമാണു് മറവു ഹിന്ദുക്കൾ എന്ന വസ്തുത കഴിഞ്ഞ സെൻസസ്സുറിപ്പോർട്ടുകൊണ്ടുതന്നെ കാണാൻ കഴിയും. പബ്ലിക്ക് സർവീസിൽ മുമ്പിരുന്ന വ്യവസ്ഥപ്രകാരം അമ്പത്തൊന്നൊഴിവുകൾ വരുമ്പോൾ മറവു ഹിന്ദുവിഭാഗത്തിനു നാലു ഉദ്യോഗമെങ്കിലും കിട്ടുമായിരുന്നു. പരിഷ്കരിച്ച വിഭജനവ്യവസ്ഥവന്നതോടുകൂടി രണ്ടുദ്യോഗമായി കുറയുകയാണു് ചെയ്തതു്. ലോവർ ഡിവിഷനിൽ ഒരാണ്ടിൽ അഞ്ഞൂറിൽക്കുറയാതെ ഒഴിവുകൾ വരുമെന്നു വിശ്വസിക്കുവാൻ തരമില്ല. ആ സ്ഥിതിക്കു രണ്ടുദ്യോഗങ്ങൾ മാത്രം ലഭിക്കാവുന്ന മറവു ഹിന്ദുവിഭാഗത്തിൽപ്പെട്ട ഓരോ സമുദായങ്ങൾക്കും ഒരുദ്യോഗം വീതമെങ്കിലും കിട്ടുന്നതിനു എത്ര വർഷങ്ങൾ വേണ്ടിവരുമെന്നു ഗവണ്മെൻറു ദയവായി ചിന്തിക്കയും കുറച്ചുകൂടി സൗജന്യപരമായി പബ്ലിക്ക് സർവീസ് ചട്ടങ്ങൾ പരിഷ്കരിക്കണമെന്നു ഞാൻ അപേക്ഷിക്കയും ചെയ്യുന്നു.

ഇതിനിടെ വർണ്ണവസമുദായത്തിനു ക്രമോന്നതമായ ഉൽകണ്ഠയും നിരാശയും ഇടയാക്കിയ ഒരു സംഗതിക്കുടി പ്രസ്താവിച്ചുകൊണ്ടു എന്റെ പ്രസംഗമവസാനിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. സർ, സാമുദായികസംഘടനകൾ രാഷ്ട്രീയഗാത്രത്തിന്റെ അവയവങ്ങളാണെന്നു ഞാൻ വിശ്വസിച്ചുപോരുന്നു. എന്നാൽ ചില അവയവങ്ങൾ ഭംഗിയായും ബലവത്തായും ഇരിക്കുകയും ചില അവയവങ്ങൾ വിരൂപപ്പെട്ടും ദുർബ്ബലപ്പെട്ടും ഇരിക്കുന്നപക്ഷം ആ ശരീരം പക്ഷപാതം പിടിച്ച രോഗികളെപ്പോലെ ഇരിക്കുവാനെ ഇടയുള്ളു. ഇവിടത്തെ വർണ്ണവർഗ്ഗ: ഗവണ്മെൻറിനോടും പൊതുജനങ്ങളോടും ഉത്തരവാദിത്വം ചെയ്യുന്ന ഒരു സംഘടന രൂപീകരിച്ച തിരുവിതാംകൂർ കമ്പനിറഗുലേഷൻ അനുസരിച്ചു രജിസ്റ്റർചെയ്ത ഒരുവിധം ഭംഗിയായി നടത്തിവരുന്നുണ്ടു്. വിശാലാശയനായ ഡാക്ടർ എൻ. കുഞ്ഞൻപിള്ള അവർകൾ ഫസ്റ്റ്-ലെ സെൻസസ്സ് റിപ്പോർട്ടിൽ വർണ്ണവസമുദായത്തിന്റെ സംഘടനയെ അഭിനന്ദിച്ചും ഇതു മറവു സമുദായങ്ങൾക്കുകൂടി മാതൃകയായിരിക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ആശംസിച്ചും രേഖപ്പെടുത്തിയിട്ടുള്ള സംഗതി ഇപ്പോഴും ഞങ്ങൾ നന്ദിയോടുകൂടി വീക്ഷിക്കുന്നു. ഞങ്ങൾ അനേകകാലത്തെ ശ്രമഫലമായി സാധിച്ചിട്ടുള്ള ഈ സംഘടന അടുത്ത സെൻസസുറിപ്പോർട്ടു വെളിയിലിറങ്ങുമ്പോൾ ശിഥിലമാകുന്നതിനും ഈ സംഘടനയിൽ ഉൾപ്പെട്ട ഓരോ വിഭാഗങ്ങളും ഒന്നൊന്നായി പിരിഞ്ഞുപോകുന്നതിനും ഇടവരുമെന്നും ഞങ്ങൾ ഭയപ്പെടുന്നു. ഈ ദുഃസ്ഥിതിയിൽനിന്നും ഞങ്ങളെ വിമുക്തരാക്കേണ്ടതു ഗവണ്മെൻറാണ്. സർ, ഈ വക കാര്യങ്ങൾ അവിടുത്തെ ദൃഷ്ടിയിൽ ഞാനെപ്പോഴും കൊണ്ടുവരുന്നതു് ഒരു വലിയ പ്രത്യാശയോടുകൂടിയാണു്. ബഹുസഹസ്രം സംവത്സരങ്ങളായി ഹൈന്ദവസംസ്കാരമോ ക്ഷേത്രപ്രവേശനാരാധനാദിസൗകര്യങ്ങളോ ലഭിക്കാതെ അസമത്വത്തിൻറേയും തിരസ്കരണത്തിൻറേയും മുച്ചയും ബലവുമുള്ള വളഞ്ഞ പല്ലുകൾക്കിടയിൽ അരഞ്ഞുകൊണ്ടിരുന്ന ഹരിജനങ്ങൾക്കു ആചന്ദ്രതാരം നിലനിൽക്കുന്ന അനുഗ്രഹമായി സിദ്ധിച്ച ക്ഷേത്രപ്രവേശനത്തിനുവെഴുത്തുവിളംബരത്തിനു പൊരുതുവാൻ തിരുമനസ്സിലെ കാരുണ്യമുണ്ടാകുവാൻ വിശിഷ്ടോപദേശം നൽകിയ അവിടുത്തേക്കു ഞങ്ങളുടേയും ഞങ്ങളെപ്പോലെയുള്ള സമുദായങ്ങളുടേയും നിസ്സാരങ്ങളായ അവശത പരിഹരിക്കുന്നതിനു ഒരു കടാക്ഷം മാത്രം മതിയെന്നാണു് എൻറെ ആത്മാർത്ഥമായ വിശ്വാസം.

ഈ ബഡ്ജറിനെ ഒന്നുകൂടി ഞാൻ സ്വാഗതം ചെയ്തുകൊണ്ടും അവശസമുദായങ്ങളുടെ ഏവംവിധങ്ങളായ അവശതകളെ ഒന്നുകൂടി അനുസ്മരിപ്പിച്ചുകൊണ്ടും ഞാൻ എൻറെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. K. NARAYANAPERUMAL NADAR: Sir, I cannot join hands with other honourable members of the House in congratulating the Financial Secretary for the budget estimates presented to the House. Nor can I congratulate the Government on its sound financial position. It was once said of Gladstone that his financial reputation was not due to the accuracy of his forecast, or due to the wisdom of his financial measures, but it was due to his rhetorical skill in presenting his budget. Our Financial Secretary is wanting even in that. But one gratifying feature is that he has presented a memorandrum to the budget which is of very great help in scrutinising the budget.

Before dealing with the budget proper, I shonld like to make a few observations regarding the extension of the period of the Legislature. Personally I am glad that the extension is given. But the question is not whether this member is glad or that member is glad of it. The question is whether the public or any section of the public appreciates the policy of this extension. The answer is more of 'No'

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Narayanaperumal Nadar]

than of 'Yes'. I am sure, Sir, that if a general election is held now, most of the present members of this House would go out. Some honourable member may say that the extension is given in Madras, Bombay or Delhi. But I may submit that that should be no reason why the period is extended here. Here public opinion is decidedly not in favour of extension.

Then, Sir, I should like to say a few words about the treatment accorded to this Legislature. It is not given the treatment it deserves. It is treated like any other department—the Land Revenue or the P. W. Department. The resolutions passed in this House are not at all considered or acted upon by Government. To give instances I may say that the resolution to the effect that all toddy shops should be closed after 6 P. M. and another resolution for salary cut and a third one to return the grants to the grant-in-aid schools, all these resolutions were not given effect to. The reason is that our Government is not responsible to the Legislature. With all its defects, Sir, democracy is considered the best form of Government. There may be defects and difficulties in the working of responsible Government. I am not going to deal with them at present.

The Financial Secretary says that the budget is a surplus budget. But I am not hopeful of the results of the estimates. I prophecy that it would be a deficit budget before the year 1117 is out. It will be deficit not by one or two or two and a half or three and a half lakhs but by several lakhs because there is every sign of the war continuing indefinitely. If the Financial Secretary thinks that to make it a surplus budget retrenchment is absolutely necessary, retrenchment proposals are given, I am only glad of that, in para (18) of his speech. But any retrenchment without salary cut is no retrenchment at all because the salary paid in the State is very high. In this connection I should like to say a word or two about pensions. If a man works he is entitled to pay. After he has retired and does not work he is not entitled to pension. Therefore my submission is that pension must be stopped. As regards the pension of the present officers I think 25 per cent cut should be effected.

PRESIDENT: Does the honourable member suggest that in future there should be no pension?

MR. K. NARAYANAPERUMAL NADAR In future no pension should be given to any officer. Sir, I have carefully studied the whole question of pension.

PRESIDENT: I am not disparaging your study. I am only asking for illumination.

MR. K. NARAYANAPERUMAL NADAR: Sir, on a perusal of the administration reports of the Police Department for the years 1106 to 1115 the year 1115 records the largest number of crimes. Though there has been much increase in the expenditure of the department, the number of crimes has not decreased. Another thing which I wish to say is that the amount of one lakh of rupees provided for the Armed Reserve is not necessary. The services of the Armed Reserve are not necessary at this time of peace.

LIBRARY ARCHIVES Kerala Legislative Assembly

With regard to the treatment meted out to political prisoners I must say Sir, that they receive that treatment at the hands of the police which they least deserve. One political prisoner Mr. Sankaran was transferred from the Arambaly lock-up to the Kottar lock-up recently. Mr. Nataraja Pillai, another political prisoner, is taken to the Parur lock-up. My submission is that these political prisoners should be housed in the Central Jail or in the sub-jail. Sir, great men like Mahatma Gandhi and Mr. C. Rajagopalachari have had experience as political prisoners. We do not know that Mr. Sankaran or Mr. Nataraja Pillai may become Legislators or they may even become members of the Viceroy's expanded Executive Council. Therefore it is not expedient to treat them with contempt.

It is given on page 83 of the Administration Report that an Inspector was sent to Bombay Presidency to get himself trained in air raid precaution. The suggestion that more Inspectors should be trained is welcome. After they are trained, they should be asked to give lectures on the subject. In this connection I must say that the new order of Government for black-out in coastal towns will only cause unnecessary panic among the people.

PRESIDENT: So far as I know there is black-out only in harbours and port areas where lighting is lessened for the purpose of not enabling hostile crafts to have easy access.

MR. K. NARAYANAPERUMAL NADAR: Sir, in the Council Library there is a book named "Air Raid Precautions and Civil Defence". It is a book presented to the Library by the Author with the compliments of the Dewan. This book says that precautionary measures should be adopted in every part of India.

Sir, now I come to the University. The object of the University is to improve the technical and technological side of education. And in this respect we should not be behind the University of Madras or Bombay or any other University. Another point which I want to impress is that the college students should obtain Military training. I am glad that the Senate of the Lucknow University has passed a resolution to this effect. Moreover great national leaders like Mr. V. D. Savarkar and Dr. Moonjee are advocating Military training for students specially. Therefore I request that this question should engage the serious attention of the University authorities and the Government.

Then about the abolition of the export duty on cocoanut. Sir, that is a very burning problem in the country as the cocoanut is a chief money crop here. By selling cocoanut, people purchase paddy. But this export duty had reduced the price of cocoanut to a considerable extent, thereby injuring the producer. The cultivators could have got better prices for the cocoanut but for the export duty and the present high tariff valuation. Sir, I am for the abolition of that.

Then with regard to the Transport Department. Everybody would appreciate the nationalisation of transport. Two factors are essential for the success of the department and they are efficiency of management and cheapness in the fares. But these two factors are

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Narayanaperumal Nadar]

conspicuously absent and the buses are not running in scheduled times, not to speak of overloading. It was once said that the transport buses broke down on the road because they were very heavy and the road was not very smooth and not concreted. But even after the road has been concreted, there is the break-down. This only shows that there is something wrong with the engines and with the buses. Every traveller in the transport bus now recalls the good old days of the "Pioneer Service" when they had better convenience than now.

Then I want to speak a word about the effect of this transport service on feeder roads.

PRESIDENT: Order, order. The honourable member has taken more than his normal time and he will kindly finish soon.

MR. K. NARAYANAPERUMAL NADAR: Sir, before we had the transport service, there was better convenience on the feeder roads. In Nagercoil-Rajakkamangalam feeder road, four buses were running while now only one transport bus is running.

PRESIDENT: Order, order. These are all points which might very well come up when the departmental budget is taken up. The honourable member can make any general observation now.

MR. K. NARAYANAPERUMAL NADAR: About the restriction on the manufacture of salt, Government have recently passed an order that from Chingom 1st to 30th Dhanu, salt should not be manufactured. That is intended simply to stop over production of salt. As a matter of fact the over-production of salt is only apparent and not real. It is only by working the factories at night, by falsification of accounts and other means, they are able to say that there is over-production. Many of the manufacturers bribe the Inspectors and Petty Officers and carry on salt manufacture throughout the night. Certainly now salt is very impure, but Government can insist on their producing salt containing cent per cent. sodium chloride and the Excise Commissioner has got the power to throw impure salt into the Indian ocean or any other ocean.

PRESIDENT: It is too far to take it to the Indian ocean when you have got the Arabian Sea nearby.

MR. K. NARAYANAPERUAMAL NADAR: Particularly big licensees..

PRESIDENT: I hope the honourable member will finish soon.

MR. K. NARAYANAPERUMAL NADAR: I have got other points and I shall deal with them tomorrow and the day after.

MR. P. C. ADICHAN: സർ, കഴിഞ്ഞ നാല് വർഷങ്ങളായി ബഡ്ജറ്റിനെ അഭിനന്ദിച്ചുകൊണ്ടിരുന്ന ഞാൻ ഈ പ്രാവശ്യവും അഭിനന്ദിക്കതന്നെ ചെയ്യുന്നു. എന്തെന്നാൽ രാഷ്ട്രീയകാര്യങ്ങളെക്കുറിച്ച് ഗാഢമായി ചിന്തിക്കുന്നതിനൊ തത്ത്വപരമായ വിമർശനങ്ങൾ നടത്തുന്നതിനോ ഞാനാകട്ടെ എന്റെ സമുദായമാകട്ടെ ആ നിലയിലേക്ക് ഉയർന്നിട്ടില്ല. ഇന്നും കാരുണ്യത്തിന്റെ ശീതളച്ഛായയിൽ തഴച്ച് വളരുവാൻ ആഗ്രഹിക്കുന്ന ഒരു പട്ടിണിസമുദായത്തിൽപ്പെട്ടവനാണ് ഞാൻ. അ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു സൂക്ഷ്മമായ വിമർശനങ്ങളും പൊടിപൊടിച്ച പ്രസംഗങ്ങളും മറ്റു സ്നേഹിതന്മാർക്കു വിട്ടുകൊടുത്തിട്ട് സാമാന്യമായ കാര്യങ്ങൾ പറയണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

PRESIDENT: I shall give the honourable member only five minutes.

